മെടിക്ക് മെഷിനറി പെട്ടി തുലാസുകളും (HOMEPACK)
മെടിക്ക് കട്ടിസെറകളും, അളവുപാത്രങ്ങളും കതി
നാക്കരികളും വിലകുറച്ച് വിറ്റുവരുന്നു.
Phone 359
അന്വേഷിപ്പിൻ:—
എ. വി. തോമസൺസ്,
ഇരുമ്പുകച്ചവടം, തൃശ്ശൂർ-1

Reg: No. K. 31

തൊഴിലാളി

For: Father Vadakkan : Managing Editor B. Wellington B. A

പുസ്തകം 12 | ലക്കം 14 | 1965 മേയ് 30 ഞായർ തൃശ്ശൂർ | വില 10 പൈസ | പേജ് 8

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വരണം മുൻകൂർ
ഒരു കൊല്ലത്തേയ്ക്ക് 27.00
6 മാസത്തേയ്ക്ക് 13.50
1 മാസത്തേയ്ക്ക് 2.25
എക്സ്പ്രസ്സായി ഒരു മാസത്തേയ്ക്ക്
വാണിജ്യപത്രിക മാസം 2.25
കാലപരിധി 9.07

ധോറി ഖനി പ്രശ്നം ഭീകരരംഗങ്ങൾ

ഇനിയും സ്ഫോടനമുണ്ടാകുമെന്ന ഭയം

അട്ടിമറിയാണെന്ന് ഖനിയുടമസ്ഥൻ

(പി ടി ഐ) പാട്നാ മെ. 29

ഇന്നലെയുണ്ടായ വമ്പിച്ച സ്ഫോടനത്തിനെറ ഫല മായി തകർന്നുപോയ ധോറിഖനിയുംപ്പെട്ട ന്ന രണ്ടര ചതുരശ്രമൈൽ പ്രദേശം ഇന്ന് ഒരു ഭ്രകമ്പബാധിതപ്രദേശത്തിനെറ പ്രതീതിയാ ണ് ജനിപ്പിക്കുന്നു.

കമ്പനിയുണ്ട് കൽക്കരിപ്പൊടിയിൽ കളിച്ചുനിൽക്കുകയാണ് പ്രദേശം മുഴുവനും ഈ മ വമ്പിച്ചപ്രദേശത്തെ കുറിച്ചെടുക്കും മരങ്ങളുമെല്ലാം കരിഞ്ഞുപോയിട്ടുണ്ട്, അന്ധകാരമയവും ഭീകരവും അപേക്ഷനീയമായ ഒരു ദൃശ്യം മാത്രം അവശേഷിക്കുന്നു.

ഗർത്തത്തിലുണ്ടായ വമ്പിച്ച ശത്തിനു പുറമെ, ഉപരിതലത്ത യിരുന്ന 5 പേരും കൊല്ലപ്പെട്ടവ ശിഷ്ടങ്ങൾക്കിടയിൽനിന്നും ഇ മൃതദേഹങ്ങളാണ് ആദ്യം കണ പ്പെട്ടത്. ഇന്നു രാവിലെ വ രെ 16 മൃതദേഹങ്ങൾ കണ്ടെടുത്തി ട്ടുണ്ട്. അവയെല്ലാംതന്നെ ഹീ

പാടില്ലാത്ത വിധം കരിഞ്ഞ് രംഗം വന്നിട്ടുള്ളവയാണ്, ണവായു നിറച്ച സഞ്ചികളുടെ ായത്തോടുകൂടി ഇന്നലെ മുതൽ ര സംഘങ്ങൾ ഖനിയിലിറങ്ങി മൃതദേഹങ്ങൾ തിരയുകയാണ്. അവർക്ക ന്നെത്താൻ കഴിഞ്ഞ സ്ഥലംവരെ ടവിടെയായി തീ കത്തിക്കൊണ്ടിരി ന്നതുകൊണ്ട് കീഴോട്ടിറങ്ങാൻ അവ കഴിഞ്ഞില്ല.

ഖനിയിലെ മാജർ രജിസ്റ്റർ പോ ച്ച്സിനു ലഭിച്ചിട്ടുണ്ട്. അതനുസരി ച്ച്, സ്പോട്ടിലുണ്ടായിരുന്നവരിൽ 258 പേരെങ്കിലും ജോലിയെടു ക്കുന്നുണ്ടായിരുന്നു. കൂടുതലും, കൃത്യമാ യ സംഖ്യ തിട്ടപ്പെടുത്തുകയാണെങ്കിൽ എ ല്ലാ മൃതദേഹങ്ങളും കണ്ടുകിട്ടുന്നതുവരെയോ യിരിക്കുന്നു.

തക്ക മുൻകരുതലുകൾ സ്വീകരിക്കുന്നതിൽ പരാജയപ്പെടുകയും ന്നില്ലെങ്കിൽ മൈനിങ് സൂപ്പർവൈസർ പോലുള്ള ടി ഉണ്ടായേക്കാവുന്ന ചീഫ് ഇൻസ് പെക്ടർ ഓഫ് മൈൻസ് ജി. എസ്. ജാബി പ്രസ്താവിച്ചു. വിഷമയമായ കാർബൺ മോണോക്സൈഡ് വാതകം പൊടുന്നനവെ കല്ലുരിപ്പൊടിയിലേയ്ക്കു പ്രവഹിച്ചതാണ് സ്ഫോടനത്തിനെറകാരണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പക്ഷേ, ഈ ഖനി വാതകരഹിതമായി രുന്നതുകൊണ്ട് അതെങ്ങനെയുണ്ടായി യെന്നും വിശദമായി അന്വേഷിക്കേണ്ടി യിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

സ്ഫോടനത്തിനിരയായവരുടെ കുടും ബങ്ങൾക്ക് 200 രൂ. വീതം സഹായധ നം നൽകാൻ ഖനിത്തൊഴിലാളി ക്ഷേ മസംഘടന തീരുമാനിച്ചിട്ടുണ്ട്. അതു യും ടുക ഖനി മാനേജ്മെൻറും നൽക ന്നതാണ്, ഭയപ്രകിതരായ തൊഴിലാളി കുടുംബങ്ങളും സമീപപ്രദേശങ്ങളിൽനി ന്നും കുടിയെഴിഞ്ഞ പൊയ്ക്കൊണ്ടിരി ക്കുന്നു.

ധോറി കൽക്കരിഖനി അപകടസംബന്ധിച്ച ഉദ്യോഗസ്ഥതലത്തിലുള്ള അന്വേഷണം ക്കായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാ സ നിധിയിൽനിന്നും 40000 രൂപ, പ്ര ധാനമന്ത്രി മി. ശാസ്ത്രി അനുവദിച്ചിട്ടു ണ്ട്.

പൊട്ടിത്തെറിക്കിടയാക്കിയ കാരണ ങ്ങൾ തിട്ടപ്പെടുത്തുന്നതിനായി സുപ്രീം കോടതിയിലേയോ ഹൈക്കോടതിയി ലേയോ ഒരു ജഡ്ജിയെക്കൊണ്ടോ ഇ

ഡിപ്യൂട്ടി അന്വേഷണം നടത്തണമെ ന്ന് മി. എസ്. എം. ബാനർജി എം. പി. ആവശ്യപ്പെട്ടിരിക്കുന്നു.

ഖനിയുടെ ഒരു അന്വേഷണക്കോടതി കൊണ്ടോ ആവശ്യപ്പെട്ട ഫലമുണ്ടായേ യില്ലെന്നും അദ്ദേഹം പറഞ്ഞു.

അട്ടിമറി

സ്ഫോടനത്തിനെറ കാരണം അട്ടിമ റിയാണെന്ന് താൻ സംശയിക്കുന്നു മെന്നും ധോറിഖനിയുടെ പ്രൊപ്രൈറ്റ റായ രാജ്ബഹദൂർ കാമക്ഷ്യനാരായ ൺസിങ്ങ് എം എൽ എ ഇന്നലെ പ ത്രലേഖകരോടു പറഞ്ഞു.

ഖനിയിൽ ഈയ്യിടെ ഒരു പണിമുട ക്കമുണ്ടായി. 45 ദിവസം നീണ്ടുനിന്ന പ ണിമുടക്ക് മെയ് 21 നാണ് തീർന്നത്. അവസാനിച്ചതെന്നും അദ്ദേ ഹം പറഞ്ഞു.

കഴിഞ്ഞ 60 വർഷക്കാലമായി യാ തൊരപകടവുംകൂടാതെ നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു ഖനിയാണി തെന്നും രാജ്ബഹദൂർ അവകാശപ്പെട്ടു. വാർഷികഖനി സുരക്ഷിതത്വസർട്ടിഫി ക്കറ്റിൽ ഈ ഖനി തുടർച്ചയായി 1962, 1963, 1964 എന്നീ വർഷങ്ങളിൽ 'സിൽവർ' കരസ്ഥമാക്കിയിട്ടുണ്ടെന്നും അദ്ദേ ഹം പറഞ്ഞു.

....

സുഡാനിൽ വിപ്ലവശ്രമം പരാജയപ്പെട്ടു

(റോയിട്ടർ) ഖാർട്ടും, മെയ് 29

സുഡാനിൽ നടന്ന ഒരു സൈനിക വിപ്ലവശ്രമം പരാജയപ്പെടുത്തിരിക്കുന്നു.

സായുധസേനയിലെ ഏതാനും മുൻ ഓഫീസർമാർ അധികാരം പിടിച്ചെടുക്കുന്നതിനായി ഒരു ശ്രമം നടത്തുകയുണ്ടായെന്നും ഒരു കാര്യജ്ഞനുള്ള വൃത്തം പറഞ്ഞു. അവരുടെ ശ്രമം അധികൃതർക്ക് റിപ്പോർട്ട് ചെയ്യപ്പെടുകയും വിപ്ലവം പരാജയപ്പെടുത്തുകയും ചെയ്തു.

സുഡാൻ റേഡിയോയും സുപ്രധാന ങ്ങളായ പല ചെയ്നിക കേന്ദ്രങ്ങളും പിടിച്ചെടുത്തുകൊണ്ട് ഗവർമ്മെന്റി സ്ഥാപിക്കുവാൻ ഈ കൂഫീസർമാർ ശ്രമിച്ചുവെന്നും ഈ വൃത്തം അറിയിച്ചു.

ദക്ഷിണസുഡാനിലെ സ്ഥിതിഗതി കൾ കൂടുതൽ കൂടുതൽ ഉത്കണ്ഠാജനകമായിവരികയാണെന്ന് വ്യാജപ്രചാരണം നട ത്തി ഈ മുൻ കൂഫീസർമാരെ ഏതാനം രാഷ്ട്രീയക്കാരും പ്രോത്സാഹിപ്പിക്കുകയു ണ്ടായെന്നു മറ്റൊരു കാര്യജ്ഞനുള്ള വൃത്തം പറഞ്ഞു.

ശാസ്ത്രി കാനഡയിൽ 5 ദിവസം ചിലവഴിക്കും

[റോയിട്ടർ] ഒട്ടാവാ, മെ 29

പ്രധാനമന്ത്രി ശാസ്ത്രി കാനഡയിൽ അഞ്ചുദിവസം ചിലവഴിക്കുന്നതാണ്. രണ്ടുദിവസത്തെ പരിപാടിയായിരുന്ന നേരത്തെ നിശ്ചയിച്ചിരുന്നു.

മായോ 200 പേരെ കരിച്ചുകൊന്ന

[പി ടി ഐ] സൂഡൽഹി, മെ. 29

ചൈനയിലെ ഒരു കുട്ടികൂലിൽ ഉണ്ടായ തീ പിടുത്തത്തിൽ 200 ചൈനീസ് പാർട്ടി പ്രവർത്തകരെ കരിച്ചുകൊന്നതായി ഹോങ്കോങ്ങിൽ ലഭിച്ച റിപ്പോർട്ടുകളിൽ കാണുന്നു.

ചൈനയിൽ കഴിഞ്ഞ ഏതാനും മാ സങ്ങളായി നടക്കുന്ന മാവോവിരുദ്ധ പ്ര ചാരണത്തിനിടയ്ക്ക് ഒരു ഭൂഗർഭയിന്ന ഈ ലാള.

നന്ദയുടെ വിശ്രമം

[പി ടി ഐ] മുംബൈ, മെ. 29

ഇപ്പോൾ മദ്ധ്യതായിൽ വിശ്രമിച്ചുവ രുന്ന ആഭ്യന്തരകാര്യമന്ത്രി ശ്രീ നന്ദ മെ യ് 31-നു തിരിയിൽ ഡെഹ്റാഡൂണിൽ മ ടങ്ങിയെത്തുന്നതായിരിക്കും. അന്നുതന്നെ സ ർവ്വകക്ഷിയോഗത്തിൽ അദ്ദേഹം ഒരു പ്ര സ്താവന നടത്തുന്നതുമാണ്.

അണ്വായുധ നിരോധനത്തിനു ലോക സമ്മേളനം കൂടണമെന്ന്

(റോയിട്ടർ) ടോക്യോ, മെ. 29

അണ്വായുധങ്ങളുടെ ഉപയോഗം നിരോധിക്കുന്നതു സംബന്ധിച്ചു കൺവൻഷൻ സമാഹരിപ്പിക്കുന്നതിനായി, 1966-ൽ ഒരു പ്രാമാണിക വിട്ടുപോകാ ത്ത ഐക്യരാഷ്ട്രനിരായുധീകരണകമ്മീ ഷൻ ഒരു ലോകസമ്മേളനം വിളിച്ചുകൂട്ടണമെന്ന് സോഷ്യലിസ്റ്റ് യൂണിയൻ ഒരു പ്രമേയത്തിൻറെ രൂപത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. സോഷ്യലിസ്റ്റ് യൂണിയൻ മന്ത്രാലയ നക്കൽ പ്രസ്തുത 114 അംഗങ്ങളുള്ള കമ്മീഷനിൽ സമ ർപ്പിച്ചു.

തങ്ങളുടെ അതിർത്തിക്കുള്ളിലെ വിദേ ശ ബന്ധനികരെയുൾപ്പെടെ നിരായുധീകരണം ചെയ്യുവാൻ എല്ലാ രാഷ്ട്രങ്ങളോടും കമ്മീ ഷൻ ആവശ്യപ്പെടണമെന്ന് സോഷ്യലിസ്റ്റ് യൂണിയൻ മന്ത്രാലയ നക്കൽ പ്രസ്തുത പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്നു.

....

ഇന്ത്യയിലെ ഈ വർഷത്തെ അരി സംഭരണം

ലക്ഷ്യം നിറവേറ്റപ്പെടുമെന്ന് മന്ത്രിയുടെ പ്രതീക്ഷ

ഭുവനേശ്വരം, മേയ് 29

നടപ്പു ഖരിഫ് കാലത്ത് 19.5 ലക്ഷം ടൺ അരി സംഭരിക്കണമെന്ന കേന്ദ്ര ഗവർമ്മെന്റിനെറ ലക്ഷ്യം നിറ്റുവീ ക്കപ്പെടുകതന്നെ ചെയ്യുമെന്നതിൽ തനിക്ക് ആത്മവിശ്വാസമുണ്ടെന്ന് കേന്ദ്ര ഡെപ്യൂട്ടി കൃഷിമന്ത്രി മി സി ആർ. പാവൻ ഇവിടെവെച്ച പ്രസ്താ വിച്ചു.

കഴിഞ്ഞ രണ്ടു ദിവസമായി റൌർക്ല യിലെ സംഭരണ പുരോഗതിയെപ്പറ്റി പഠനം നടത്തിയശേഷം പത്രലേഖക രോടു സംസാരിക്കുകയായിരുന്നു മി. പാവൻ.

റൌർക്കലയിൽ ഇതുവരെ ലക്ഷ്യത്തിന്റെ പകുതി സംഭരിച്ചുകഴിഞ്ഞു (1.5 ലക്ഷം ടൺ) 3 ലക്ഷം ടൺ അരിയാണ് റൌർക്കലയിൽനിന്നും പ്രതീക്ഷിക്കുന്നതു്. ഈ ലക്ഷ്യം നിറ്റുവീക്കപ്പെടുമെന്ന് അദ്ദേഹം പ്രത്യാശിച്ചു

(പി ടി ഐ)

ഇന്ത്യൻ ധനകാര്യദൌത്യ സംഘം ബൽഗ്രേഡിൽ

[റോയിട്ടർ] ബൽഗ്രേഡ് മെ. 29

യുഗോസ്ലാവ് ഗവർമെന്റ് ഉദ്യോഗസ്ഥന്മാരുമായി സംഭാഷണം നടത്തുന്നതിനായി മൂന്നംഗസംഘത്തെ സാമ്പത്തികാസൂത്രണം പ്ലാനിംഗ് മന്ത്രി മി. ബലറാം ഭഗതിന്റെ നേതൃത്വത്തിലുള്ള ഒരു ധനകാര്യദൌത്യസംഘം ഇവിടെ എത്തിച്ചേരുന്നതാണ്.

ഇന്ത്യയുടെ സമ്പത്തികപുരോഗതിക്കും യുഗോസ്ലാവ്യയുടെ സഹായ സഹകരണം സംബന്ധിച്ചു് ഈ ദൌത്യസംഘം ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുന്നതാണ്. അവർ, യുഗോസ്ലാവ്യയിലെ വ്യവസായ സ്ഥാപനങ്ങളും സന്ദർശിക്കുന്നതായിരിക്കും.


ഇന്ത്യയുടെ വിയറ്റ്നാം നിർദ്ദേശം നിരസിക്കപ്പെട്ടു

(റോയിട്ടർ) ഹോങ്കോങ്, മെയ് 29

വിയറ്റ്നാമിൽ ഒരു ആഫ്രോ-ഏഷ്യൻ സമാധാനസേനയെ നിയോഗിക്കണമെന്ന ഇന്ത്യൻ നിർദ്ദേശം, വിസ്മരിക്കത്തക്കതാണെന്ന് വിവരിച്ചുകൊണ്ട് തള്ളപ്പെട്ടിരിക്കുന്നതായി ലിബറേഷൻ പ്രസ് ഏജൻസി റിപ്പോർട്ടുചെയ്യുന്നു.

വിയറ്റ്കോങ്കിനും അനുഭാവികൾക്കും കൂടിയായ വിമോചനപ്രസ്ഥാനത്തിന്റെ പ്രസ്സാണ് ഈ പ്രസ് ഏജൻസി. ഏതെങ്കിലും ഒരു രാജ്യത്തിന്റെ ഔദ്യോഗിക വീക്ഷണമായിട്ടല്ല ഈ പ്രസ് ഏജൻസി വിലയിരുത്തുന്നതെന്നും, ഈ നിർദ്ദേശം ദക്ഷിണവിയറ്റ്നാമിലുള്ള ജനങ്ങൾക്കിടയിലുള്ള കയ്പുനിറഞ്ഞ വികാരങ്ങളെ ശമിപ്പിക്കുന്നതിനുള്ള ഒരു ശ്രമമാണെന്നും അതു പറയുന്നു.

ENJOY A REAL HOLIDAY
With family and friends
Luxurious Living in self contained family apartment
Delicious, tasty and wholesome Food-European-persian Indian
Vegetarian & Non-Vegetarian
Air-Conditioned Dining Room Roof
Garden-Enchanting Secenery-Car Parking facility
ORIENTAL STATE HOTEL Railway Station
Foreign Liquor BAR attached
TRICHUR Phone: 90



റേഡിയോ മുൻക്രൂർ കൊടുക്കുന്നു!!
ക്രൂടാതെ റേഡിയോ സ്പെയർപാർട്സിനും റിപ്പയർസിനും ഇപ്പോൾ ഞങ്ങളെ സമീപിക്കുക
ബെൻസൺ & ഫ്രാൻസ്
ഗ്രാമഫോൺ (ഉപകരണങ്ങൾ) സ്പെഷ്യലിസ്റ്റുകൾ
വിവരങ്ങൾക്ക് ടെലഫോൺ സ്റ്റാമ്പ് സഹിതം അപേക്ഷിക്കുക.

★ ഉണർവും ഉന്മേഷം മനുഷ്യന്റെ വിലപ്പെട്ട സമ്പത്താണ്
★ അതു് നഷ്ടപ്പെടുമ്പോൾ ജീവിതം അർത്ഥശൂന്യമാവുന്നു.
★
ഉണർവും ഉന്മേഷവും പ്രദാനം ചെയ്യുന്ന
★
ആപ്പീസ് ഫോട്ടോ മാർക്ക് ബീഡികൾ
★
നാട്ടുകാരുടെ ഒരു ഉത്തമ ചങ്ങാതിയാണ്.

ജൂൺ 1-നു മുമ്പ് സ്കൂളുകൾ തുറക്കുന്നു
സ്കൂൾ കുട്ടികൾക്കുള്ള
എല്ലാവിധ തുണിത്തരങ്ങൾക്കും
ഫേഷൻ ഫേബ്രിക്സ്
തൃശ്ശൂർ.

GRAM: GOATIGER മണ്ണുത്തി PHONE 947
GOAT BRAND
ആട്ടുമാക്കുടകൾ
മിതമായവിലക്ക് മികച്ചദാസവിനാ നൽകുന്നു
MANUFACTURERS, MANJILA'S UMBRELLA MART, P. O. ROAD, TRICHUR-1

വിദ്യാലയങ്ങൾ തുറക്കാറായി; വിദ്യാർത്ഥികളുടെ നിറപ്പകിട്ടാർന്ന ഉടയാടകൾക്ക്
സമീപിക്കുക:
കുറിച്ചാക്കു ലോന അന്തോണി സൺസ്
ESTD 1934 ഫോൺ: 841 പി. ഒ. റോഡ്, തൃശ്ശൂർ-1 ബസ്സ്റ്റാൻറിനു സമീപം

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 30-ാംതു- തൊഴിൽ

സാഹിത്യപരിഷത്തു്

.....o.....

മെയ്മാസം നാളെകൊണ്ടു് അവസാനിക്കും. മെയ്മാസത്തിലാണു് മിക്ക ആഘോഷങ്ങളും നടക്കുക. കേരളത്തിലെ കാര്യം മാത്രമല്ല, ഇതു്; ലോകമൊട്ടുക്കും അങ്ങനെതന്നെ.

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ മാസം ഭാഗ്യം നിറഞ്ഞ ഒന്നാണു്. നമ്മുടെ സാംസ്കാരികരംഗത്തു് പ്രവർത്തിക്കുന്നവർ കേരളത്തിന്റെ വിവിധഭാഗങ്ങളിൽവെച്ചു് സാഹിത്യസാംസ്കാരിക യോഗങ്ങളും, ചർച്ചകളും, കൂടുംബുകളും മുതലായവ സംഘടിപ്പിച്ചു. സാഹിത്യസമിതിയുടെ സമ്മേളനം കോഴിക്കോട്ടുവെച്ചു് നടന്നു. അതിനെത്തുടർന്നു് ഗ്രന്ഥശാലാസമ്മേളനം ആലുവായിൽ വെച്ചു നടന്നു. അടുത്ത വാർഷികസമ്മേളനം നടത്തുന്നവർ ഇക്കാര്യം ശ്രദ്ധിക്കുമെങ്കിൽ നന്നു്. പരിഷത്തു് ഉണ്ടെന്നറിയുന്നതു് പല പ്പോഴും വാർഷികസമ്മേളനങ്ങളും കൊണ്ടാണു്. ആ നില മാറണം. പരിഷത്തിന്റെ പ്രവർത്തനങ്ങളും കുറേക്കൂടി ഊർജ്ജസ്വലമാക്കണം. പരിഷത്തു് സംഘടനയ്ക്കു് മഹത്തായ ഒരു പാരമ്പര്യമുണ്ടല്ലോ. 38 കൊല്ലത്തെ പ്രവർത്തനങ്ങളും കൊണ്ടു് കേരളീയരുടെ സാംസ്കാരിക ജീവിതത്തിന്റെ അവിഭാജ്യമായ ഒരു ഘടകമായി മാറുവാൻ സാഹിത്യപരിഷത്തിനു് സാധിച്ചിട്ടുണ്ടെന്നതു് അതിന്റെ പ്രവർത്തകർക്കു് അഭിമാനിക്കാം. തന്മൂലം സംഘടനയുടെ മഹത്തായ പാരമ്പര്യത്തിനു് അനുരൂപമായി എറണാകുളത്തെ കേന്ദ്രകാര്യാലയത്തെ വികസിപ്പിക്കണമെന്നാണു് ഞങ്ങളുടെ അഭിപ്രായം. കേരളത്തിന്റെ ഇതരഭാഗങ്ങളിൽ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണു്. ഓരോ സ്ഥലത്തുവെച്ചും ചർച്ചാക്ലാസ്സുകളും നടത്തണം. കേരളത്തിനു് ബുദ്ധിപരമായ നേതൃത്വം കൊടുക്കുവാൻ ബുദ്ധിജീവികളും കടപ്പെട്ടവരാണം. അവർക്കു് ഒന്നിച്ചുകൂടുവാനും സംസാരിക്കുവാനുമുള്ള അവസരം, സാഹിത്യപരിഷത്താണു് സൃഷ്ടിക്കേണ്ടതു്. അങ്ങനെ ആശയങ്ങളുടേയും സങ്കല്പങ്ങളുടേയും പരാഗസംക്രമണത്തിനു് അവസരമുണ്ടായാലേ പുതിയൊരാകാശവും പുതിയൊരു ഭൂമിയും സൃഷ്ടിക്കാനൊക്കൂ.

സാഹിത്യപരിഷത്തു് പോലുള്ള സ്വതന്ത്രസംഘടനകൾക്കു മാത്രമേ ഇതു സാധിക്കൂ. ചൈനയെ പെരുക്കുവാൻ ജനങ്ങളിൽ ആവേശമുണ്ടാകുവാനതരത്തിലുള്ള കവിതകൾ രചിക്കുവാൻ വേണ്ടി, കേരളത്തിലെ കവികളെ 'നോട്ടു കാണിച്ചു' മാടിവിളിച്ചു് പദ്യം എഴുതിപ്പിക്കുന്ന അക്കാദമിയിലെ വീരന്മാരുടെ അടവുകൾ കണ്ടുകൊണ്ടാണു് ഞങ്ങളിതു പറയുന്നതു്. അനുഭവങ്ങളുടെ അഗാധതകളിലൂടെ കടന്നുപോകുന്ന ആത്മാവിനു മാത്രമേ ഉത്തമസാഹിത്യസൃഷ്ടി ചെയ്യാൻ സാധിക്കൂ, എന്ന സത്യം അധികാരികളെ പറഞ്ഞു് പഠിപ്പിക്കുവാൻ ആർക്കാണു കഴിയുക? അതുപോലെ തന്നെ, അനുഭവങ്ങൾ എഴുത്തുകാരന്റെ തന്നെ ആസ്വാദനത്തിന്റെ ഒരുവിഭാജ്യാംശമായിരിക്കുന്നതുപോലെ വിമർശനത്തിന്റെ കാര്യത്തിലും അതുതന്നെയാണു് സത്യം. ഈ സത്യങ്ങൾ ഉൾക്കൊള്ളുവാൻ കഴിവുള്ള ഒരു സാഹിത്യവിമർശനപ്രസ്ഥാനത്തിനു് രൂപം കൊടുക്കുവാൻ സാഹിത്യപരിഷത്തിനു് കഴിയണം.

മലയാളത്തിലുണ്ടായിട്ടുള്ള എല്ലാ കൃതികളും സൂക്ഷിക്കുന്ന ഒരു ഗ്രന്ഥശാല നമുക്കാവശ്യമാണു്. പരിഷത്തു് വക ഒരു ഗ്രന്ഥശാല ഇപ്പോൾ തന്നെ സംഗീയായി നടക്കുന്നുണ്ടു്. അതു് വലിയൊരു ഗ്രന്ഥശാലയാക്കി മാറുവാൻ സാഹിത്യപ്രേമികളും സഹൃദയരും ശ്രമിക്കേണ്ടതാണു്. സാഹിത്യപരിഷത്തിന്റെ പ്രവർത്തകർ ഇക്കാര്യംകൂടി, സമ്മേളനം സമാപിക്കുന്നതിനു മുമ്പു് ആലോചിക്കുമെന്നു് ഞങ്ങൾ കരുതുന്നു.

പരിഷത്തു്, അതിന്റെ തുടക്കത്തിൽ തന്നെ കേരളത്തിന്റെ സാഹിത്യപരവും സാംസ്കാരികവുമായ വികസനത്തെ സംബന്ധിച്ച മൗലികപ്രശ്നങ്ങളിൽ ഗാഢമായ ശ്രദ്ധ അർപ്പിക്കുകയും, സാംസ്കാരികപ്രവർത്തകർക്കു ധീരമായ നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ആ നില ഇനിയും തുടരുമെന്നു് ഞങ്ങൾ ആശിക്കുന്നു.

.....o.....

തൊഴിലില്ലായ്മ ഇൻഷ്വറൻസ്

തൊഴിലില്ലായ്മയുടെ തീവ്രത ഏറ്റവും കുറയ്ക്കുന്നതിനുവേണ്ടി ഇന്നു ലോകത്തിലെ പല രാജ്യങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള ഒരു പദ്ധതിയാണു് തൊഴിലില്ലായ്മ ഇൻഷ്വറൻസ്. ഇന്ത്യയിൽ, പ്രത്യേകിച്ചു് കേരളത്തിൽ, തൊഴിലില്ലായ്മയുടെ തീവ്രത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതി എത്രയും പെട്ടെന്നു നടപ്പിലാക്കുന്നതിനുള്ള പ്രയത്നങ്ങൾ ഗവർമെണ്ടിന്റെ ഭാഗത്തുനിന്നു പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയിൽനിന്നുതന്നെ ഉണ്ടാകുന്നതിനുവേണ്ടി തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതികളെ പ്രധാനമായി മൂന്നധ്യായങ്ങളിൽ പെടുത്താം.

ഒന്നു്, നിർബന്ധ ഇൻഷ്വറൻസ് പദ്ധതികാം. ഇതനുസരിച്ചു്, പ്രത്യേക നിയമപ്രകാരം, നിശ്ചിത വിഭാഗങ്ങളിൽപ്പെട്ട ആളുകളെ പദ്ധതിയിൽ ചേർക്കുകയും അവരുടെ പേരിൽ പണം അടക്കുകയും ചെയ്യുന്നു. ആസ്ട്രേലിയ, ബെൽജിയം, കാനഡ, പശ്ചിമജർമ്മനി, ഗ്രീസ്, ഇറാലി, ജപ്പാൻ, ബ്രിട്ടൻ, അമേരിക്ക എന്നിവിടങ്ങളിലുംവേറെ ചില രാജ്യങ്ങളിലും പ്രവർത്തിച്ചുവരുന്ന ഈ പദ്ധതിപ്രകാരം തൊഴിലുടമകളും തൊഴിലാളികളും ഗവണ്മെണ്ടും വിഹിതം അടയ്ക്കുന്നുണ്ടു്.

രണ്ടു്, സന്നദ്ധ ഇൻഷ്വറൻസ് പദ്ധതികാം. നിർബന്ധ പദ്ധതികളിൽ നിന്നു് അടിസ്ഥാനപരമായി വിഭിന്നമായ ഈ പദ്ധതികളനുസരിച്ചു് സ്വകാര്യ നിധികാം അഥവാ സംഘങ്ങാം വിഹിതം പിരിച്ചെടുക്കുകയും ആനുകൂല്യങ്ങാം നൽകുകയും ചെയ്യുന്നു എന്നതൊഴിച്ചാൽ നിധിയിൽ ചേരണമെന്നു് ആരെയും നിർബന്ധിക്കുന്നില്ല. ഇത്തരം പദ്ധതികാം ഡെന്മാർക്ക്, പിൻലണ്ടു്, സ്വീഡൻ എന്നിവിടങ്ങളിൽ നിലവിലുണ്ടു്.

മൂന്നാമത്തെ ഇനം

നോൺ-ഇൻഷ്വറബ്സ് പദ്ധതികളാണു് മൂന്നാമത്തേതു്. ഇവയുടെ ചെലവു മുഴുവൻ ഗവണ്മെണ്ടു് വഹിക്കുന്നു. തൊഴിലാളികാം യാതൊരു വിഹിതവും നൽകേണ്ടതില്ല. തൊഴിലില്ലായ്മ ഉണ്ടാകുന്ന കാലത്തെ ആവശ്യങ്ങാംക്കനുസൃതമായി ഇതിന്റെ ആനുകൂല്യങ്ങാം നൽകപ്പെടുന്നു. ഫ്രാൻസ്, ന്യൂസിലണ്ടു്, ലക്സംബർഗ് എന്നിവിടങ്ങളിൽ ഇത്തരം പദ്ധതികളാണു് നടപ്പിലുള്ളതു്.

ഇന്ത്യയിൽ, ഭൂതകാലത്തിൽ ഇതിനെപ്പറ്റി ചിന്തിക്കുകയുണ്ടായിട്ടുണ്ടു്. ഭരണഘടനാനിർമ്മാണസഭയിൽ ഈ പ്രശ്നം ചർച്ചചെയ്തിട്ടുണ്ടു്. ഇന്നു് ഈ പ്രശ്നം വീണ്ടും ചർച്ചയ്ക്കു വരുമ്പോൾ തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ പെടുത്തുകയുണ്ടായി. പ്രശ്നത്തിന്റെ വ്യാപ്തിയും ബുദ്ധിമുട്ടുകളും എന്തൊക്കെയായാലും തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതുതന്നെ നാട്ടിവെയ്ക്കാൻ കഴിയുകയില്ലെന്നു് ഇപ്പോൾ കരുതപ്പെടുന്നു. ഇതിലേയ്ക്കുള്ള ആദ്യപടിയായി വരുംപ് പരിമിതമായ തോതിൽ വ്യാവസായിക തൊഴിലാളികാംക്കും ആപ്പീസ് ജോലിക്കാക്കുംവേണ്ടി ഒരു നിർബന്ധ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടു്. ഇന്ത്യയിലെ തൊഴിലില്ലായ്മ പ്രശ്നം വളരെ വലുതായതുകൊണ്ടു് സാമ്പത്തികമായി വിഷമം കൂടാതെ നടത്തിക്കൊണ്ടുപോകാവുന്ന പരിമിതമായ ഒരു നിർബന്ധ തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചുവേണം ആദ്യം പരിഗണിക്കാൻ. കൽക്കരി ഖനി പ്രോവിഡൻറ് ഫണ്ടിലും എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ടിലും അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ ഉൾപ്പെടുത്തി നിർബന്ധ ഇൻഷ്വറൻസ് പദ്ധതിക്കു് തുടക്കമിടാമെന്നു് കരുതപ്പെടുന്നു.

പദ്ധതിയുടെ രൂപരേഖ

പ്രതിമാസം 500 ക. യിലധികം ശമ്പളമില്ലാത്തവരും 1967-ലെ വ്യവസായത്തർക്ക നിയമത്തിലെ കാഫ്ം പിരിച്ചുവിടൽ നഷ്ടപരിഹാരവും സംബന്ധിച്ച വ്യവസ്ഥകളുടെ പരിധിയിൽ വരാത്തവരുമായ ഫണ്ടഗങ്ങാംക്കു് പദ്ധതി ബാധകമാക്കുന്നതുശിക്കുന്നു. പെൻഷൻചാരി പിരിയുന്നതിനു് രണ്ടുവർഷം മുമ്പുവരെ ഇവർ ശമ്പളത്തിന്റെ കാൽശതമാനം മാസംതോറും തൊഴിലില്ലായ്മ ഇൻഷുറൻസ് നിധിയിൽ അടയ്ക്കണം തുല്യമായ ഒരു തുക അവരുടെ തൊഴിലുടമകളും അടയ്ക്കും.

ഇൻഷ്വർ ചെയ്യുവർക്കു്, അവർ പിരിച്ചിറ വിടപ്പെടുകയോ രാജിവെയ്ക്കുകയോ ചെയ്താൽ ഉടനെ തന്നെ ആനുകൂല്യങ്ങാം ലഭിക്കുന്നതിനുവേണ്ടി അവർ തൊഴിലില്ലായ്മ ആനുകൂല്യങ്ങാംക്കു് അപേക്ഷിക്കുന്നതിനുവേണ്ടി നിശ്ചിതമായ ഒരു കാലയളവിനുള്ളിൽ തൊഴിൽ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണു്. ഇൻഷ്വർ ചെയ്യുവർ തൊഴിൽ നൽകിയോ ഇല്ലയോ എന്നതിനു് ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യേണ്ടതും തൊഴിൽ നൽകിയോ ഇല്ലയോ എന്നതിനു് ബന്ധപ്പെട്ട എംപ്ലോയറുടെ പരിധിയിൽ വരും.

2. പദ്ധതിയിൽ ചേരേണ്ടവരും ആനുകൂല്യങ്ങാം ലഭിക്കേണ്ടവരുമായ തൊഴിലാളികളെ എളുപ്പം കണ്ടെത്താൻ കഴിയും. ഭരണസംബന്ധമായ പുതിയ ഏജൻസികാം സൃഷ്ടിക്കാതെ, കൂടുതലായി ആരുതാനും ജോലിക്കാരെ നിയമിച്ചു് നേരത്തെ പറഞ്ഞ രണ്ടു് സംഘടനകൾക്കു് പുതിയ ഫണ്ടിന്റെ ഭരണം നടത്താൻ കഴിയും.

3. തൊഴിലില്ലായ്മ ഇൻഷുറൻസിന്റെ ആനുകൂല്യം ലഭിക്കുന്നവർക്കു് ഇപ്പോഴത്തെപ്പോലെ, വാങ്കുകാലത്തേക്കു് ഉദ്ദേശിച്ചിട്ടുള്ള പ്രോവിഡണ്ടു് ഫണ്ടും തൊഴിലില്ലാത്ത കാലത്തു് ഉപയോഗിക്കേണ്ടിവരില്ല. ഇതു് പ്രോവിഡൻറ് ഫണ്ടിൽ അവരുടെ അംഗത്വത്തിന്റെ നൈരന്തര്യം ഉറപ്പുചെയ്യും.

4. തൊഴിലാളികാംക്കും തൊഴിലുടമകാംക്കും നാമമാത്രമായ തുകയേ അടയ്ക്കേണ്ടിവരൂ.

നിലവിലുള്ള രണ്ടു ഫണ്ടുകളിലെ 45 ലക്ഷം.

തൊഴിലാളികളിൽ 15 ലക്ഷം പേർ നിർദ്ദിഷ്ടമായ തൊഴിലില്ലായ്മ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ വരുമെന്നു് കണക്കാക്കപ്പെടുന്നു. അവരും തൊഴിലുടമകളും ചേർന്നു് ഫണ്ടിലേക്കു് പ്രതിമാസം 15 ലക്ഷം ക. നൽകിയേക്കും. ശരാശരി പ്രതിമാസം 100 ക. വീതം 1000 തൊഴിലാളികാംക്കു് ആനുകൂല്യം നൽകേണ്ടിവരുമെന്നും ഇതിനു് പ്രതിമാസം 10 ലക്ഷം ക. ചെലവു വരുമെന്നുമാണു് മതിപ്പു്.

....

പ്രോവിഡൻറ് ഫണ്ടു്

സാമനസ്സാലെയോ പെൻഷൻ പ്രായമായതിനാലോ ജോലി യിൽനിന്നു പിരിഞ്ഞുപോകുന്നവരും വീണ്ടും ജോലി ചെയ്യാൻ ഇപ്പോഴില്ലാത്ത പിരിച്ചുവിടപ്പെട്ടവരും ആനുകൂല്യത്തിനു് അർഹരായിരിക്കുകയില്ല. തൊഴിലില്ലായ്മ ഇൻഷുറൻസിന്റെ ആനുകൂല്യം ലഭിക്കുന്ന കാലത്തോളം അവർക്കു് പ്രോവിഡൻറ് ഫണ്ടിലെ തുക മടക്കി കിട്ടുകയില്ല. വീണ്ടും തൊഴിൽ ലഭിക്കുമ്പോാം അവർക്കു് പ്രോവിഡണ്ടു് ഫണ്ടിൽ തുടർന്നു് പണമടയ്ക്കുവാനുതാണു്.

കേന്ദ്രഗവർമെന്റിന്റെ നിയന്ത്രണത്തിനുവിധേയമായി, എം പ്ലോ യീസ് പ്രോവിഡൻറ് ഫണ്ടു്, കൽക്കരി ഖനി പ്രോവിഡൻറ് ഫണ്ടു് എന്നിവയെ അതാതിലെ അംഗങ്ങളുടെ തൊഴിലില്ലായ്മ ഇൻഷുറൻസു് ഫണ്ടിന്റെ ഭരണച്ചുമതല ഏല്പിക്കാനാണു് കരുതപ്പെടുന്നതു്. കേന്ദ്രഗവർമെണ്ടു് ഫണ്ടിന്റെ ഭരണസംബന്ധമായ ചെലവുകാംക്കു് മൊത്തം പിരിവിന്റെ രണ്ടുശതമാനം നൽകുന്നതാണു്. ഫണ്ടിലെ തുകയും ആനുകൂല്യങ്ങളുടെ തുകയും തമ്മിലുള്ള വിടവും അതു നികത്തുവാനുള്ള നടപടികളും കേന്ദ്രഗവർമെന്റു് സ്വീകരിക്കുന്നതായിരിക്കും.

ഇതിനു പുറമേ, ഇൻഷുറൻസ് പദ്ധതിയുടെ ഭരണച്ചുമതല ഏല്പിക്കുന്നതിനുവേണ്ടി ഒരു കേന്ദ്രീയ തൊഴിലില്ലായ്മ ഇൻഷുറൻസ് നിധി രൂപീകരിക്കുന്നതിനും പദ്ധതിയിൽ നിർദ്ദേശമുണ്ടു്. ഈ നിധിയിൽ ആദ്യമായി നൽകുന്നതാണു്. വർഷത്ത

നെഹ്റുജിയുടെ സ്മരണമുമ്പിൽ ജനതയുടെ ആദരാഞ്ജലികൾ

[സ്വ. ലേഖകൻ]

രാഷ്ട്രശില്പി ജവഹർലാൽ നെഹ്റുവിന്റെ പ്രഥമ വാ... നാനാഭാഗത്തും ആചരിച്ചതായി ഇവിടെ നിരവധി റിപ്പോർ...

തൃശ്ശൂർ, മെയ് 27

...കടിനം നാടിന്റെ ... ട്ടിക്കൊണ്ടിരിക്കുന്നു.

...വിന്റെ 1...ംചരമദിനമായ ... കസ് ഗ്രൗണ്ടിലെ കേന്ദ്രചരിസം ... ജവഹർ വായനശാല' എന്ന പേ... വായനശാല ഉൽഘാടനം ... രിക്കുന്നു.

...ധ്യക്ഷത് പ്രസിഡണ്ട് പി. ...ാ. ജി. ഷായുടെ അദ്ധ്യക്ഷത ... ചേന്ന യോഗത്തിൽ പി. പി. ...ജ് വായനശാല ഉൽഘാടനംചെ... മാറ് പലഭാഗം യോഗത്തിൽ സം... രിച്ചു. കലാപരിപാടികളും ഉണ്ടാ...ന്നു.

കുറുപ്പൂരിൽ

...ജവഹർലാൽ നെഹ്റുവിന്റെ ഒ... ചരമവാർഷികദിനം ഇന്ന് സ്ഥ... പഞ്ചായത്തിന്റെ ആഭിമുഖ്യത്തി... സാഘോഷം കൊണ്ടാടിയിരിക്കുന്നു. ...ശേഷം ഉച്ചതിരിഞ്ഞ് ഒരു പൊതുയോ... ...ത്തിൽ പ്രസിഡന്റ് എ. എൽ. പ... ...പ്പെട്ടു. പ്രൊ ഉണ്ണിയാ... (സ. ലേ)

മാളയിൽ

നെഹ്റുവിന്റെ സ്മരണയ്ക്കുവേണ്ടി പഞ്ചായത്ത് ഹാളിൽ കൂടിയ യോഗത്തിൽ പ്രസിഡണ്ട് എ. എം. അലി അദ്ധ്യക്ഷത വഹിച്ചു. എ. കത്തുമുഹമ്മു, ഡേവിസ് പെരേപ്പാടൻ, കെ. എ കുഞ്ഞുമുഹമ്മു മുഞ്ചിയർ എ... സംസാരിച്ചു.

ആളൂരിൽ

നെഹ്റുജിയുടെ പ്രഥമ ചരമവാർഷികം പ്രമാണിച്ച് ആളൂർപള്ളി ജങ്ഷനിൽ കൂടിയ പൊതുയോഗത്തിൽ വി. കെ. ജോസഫ് എക്സ് എം. എൽ. എ. അദ്ധ്യക്ഷതവഹിച്ചു. എ. വി. വറ്റുസ് ബി. എ. ബി. എൽ; പി. ഡി. ജെയ്ക്കബ്ബ്സൻ, എ. സി. പ്രായി, പി എം. ഷാഹുൽഹമീദ്, ജോസ് കള്ളുങ്കൽ എന്നിവർ പ്രസംഗിച്ചു. യോഗവാസികം ഒന്നടക്കം പ്രസിഡണ്ട് ചൊല്ലിക്കൊടുത്ത പ്രതിജ്ഞാവാക്യങ്ങൾ ഏറ്റു പറഞ്ഞത് പുതുമകൊണ്ടുണ്ടായി.

നെല്ലിക്കുന്നത്ത്

നെഹ്റുവിന്റെ ഒന്നാം ചരമവാർഷികദിനവും 'ഇന്ദിര ടെക്സ്റ്റൈയിൽ'ന്റെ വാർഷിക സമ്മേളനവും നെല്ലിക്കുന്നുള്ള നെഹ്റു സ്റ്റോറിയലിൻ സമുചിതമായി കൊണ്ടാടിയിരിക്കുന്നു. ഇതു സംബന്ധിച്ചു 27...ം കൂടിയ സമ്മേളനത്തിൽ അഡ്വ. ഹിന്ദി കോളേജിന്റെ പ്രസിഡന്റായ പി. പി. തോമൻ അദ്ധ്യക്ഷത വഹിച്ചു, 28...ം തീയിലെ യോഗത്തിൽ ശ്രീ. സി. എ. ...പിള്ള അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. എം. എസ്. തോമസ്സ് പ്രസംഗിക്കുകയും ചെയ്തു. കുട്ടികളുടെ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

ചേലക്കോട്ടുകരയിൽ

പണ്ഡിറ്റ്ജിയുടെ ഒന്നാം ചരമവാർഷികദിനമായ 1965 മെയ് 27...ം തീയതി ക്ലബ്ബിന്റെ ഒരു പ്രത്യേക പൊതുയോഗം പ്രസിഡൻറ്റാറ് എ. സി. കൊച്ചുവാപ്പുവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും നെഹ്റുവിന്റെ സേവനങ്ങളെ കീർത്തിച്ച് പലതും സംസാരിക്കുകയും ചെയ്തു.

ചുള്ളിക്കലിൽ

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഒന്നാം ചരമവാർഷികം ആചരിക്കുന്നതിനും തങ്ങളുടെ പ്രിയപ്പെട്ട നേതാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുംവേണ്ടി സിഗ്നലിയൻ ക്ലബ്ബ്സ് ക്ലബ്ബിന്റെ ഒരു പ്രത്യേകയോഗം പ്രസിഡന്റ് പി. എക്സ്. ജോസിയുടെ അദ്ധ്യക്ഷതയിൽ ക്ലബ്ബ് ഹാളിൽവെച്ചു കൂടി. സെക്രട്ടറി സി. എ. ജോസഫിന്റെ സ്വാഗതപ്രസംഗത്തിനുശേഷം പണ്ഡിറ്റ്ജി ഭാരതീയ ജനതയ്ക്ക് ഗാന്ധിയുടെ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ ടേപ്പ്റിക്കാർഡ് ചെയ്തിരുന്നതു റിലേ ചെയ്തു. പി. ടി. അഗസ്റ്റിൻ, സി. ജി. ഗബ്രിയേൽ, കെ. വി. അഗസ്റ്റസ്, കെ. ബി. പീറ്റർ, പി എസ്. ജേക്കബ് എന്നിവർ പ്രസംഗിക്കുകയുണ്ടായി.

ചേറൂരിൽ

നെഹ്റുവിന്റെ ചരമവാർഷികത്തിൽ ഭാരത് യുവക് സമാജ് ചേറൂർ യൂ...

ഒരു ലിറർ അരിക്ക് രണ്ട് രൂപവിലയായി

കോഴിക്കോട് ഭക്ഷ്യക്ഷാമം രൂക്ഷമാകുന്നു

കോഴിക്കോട്, മെ. 27

കോഴിക്കോട്ടെ പാസുമുക്കാരിൽ അരിതീരെ കിട്ടാനില്ലാതായിരിക്കുന്നു. ഒരു രണ്ടു ആഴ്ചമുമ്പ് ചക്കിന് 115-120 എന്ന നിരക്കിൽ മൊത്തമായും 1.25പ 1.30പ. നിലവാരത്തിൽ ചില്ലറയായും അരി എടുക്കണമെങ്കിലും കോഴിക്കോട്ടെ പാസുമുക്കാരിൽ കിട്ടിയിരുന്നു. 'ഉണ്ടെന്നു നായക്കൊരു വീട് മോന്നി' എന്ന ചൊല്ലുപോലെ പൊട്ടന്നു ദിവസം പോലീസിനും റവന്യു അധികാരികൾക്കും 'വി ഐ പി'കളുടെയും 'അന്ധിതമായി' വില്പന നടത്തി പിടിക്കാൻ ആരംഭിക്കുകയും ചെയ്തതോടെ അരിക്ക വീണ്ടും 'വലിച്ചിൽ' തുടങ്ങിക്കുകയും പുറത്തുണ്ടായിരുന്ന അരി മുഴുവൻ മറക്കത്തായുകയും ചെയ്തു. ഇതോടെ അരിക്കരിഞ്ചാക്കുകളുടെ ഗോഡൗണുകളിലും ശരി, ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ലൈസൻസിന്റെ അടിസ്ഥാനത്തിലും ജനങ്ങൾക്ക് ആവശ്യത്തിനുള്ള ലൈസൻസിന്റെ ഇപ്പോൾ നല്ലതെയുള്ളൂ പോലീസിന്റെയും റവന്യു അധികാരികളുടെയും ഇടയിൽനിന്നും ജനങ്ങളെ എടുത്തു ചാടിൽനിന്നു പൊരിയുന്ന തീയിലെക്കെന്ന പാഞ്ഞടുപ്പലാല പാവം സകടത്തിലേക്കും വിഷമതയിലേക്കും വലിച്ചെറിയുന്ന ഒരു നടപടിയായിട്ടാണ് കലാശിച്ചിട്ടു. ഇന്നു റേഷൻ ഷാപ്പുകം മുഖേന നൽകുന്ന അരി തെ പത്രങ്ങൾസെക്കിലുമായി വിതിച്ചിച്ചുകൊണ്ടാണ് പോലീസ് അധികാരികളും റവന്യു അധികാരികളും ഇവ വിതരണകേന്ദ്രങ്ങൾ നിശ്ചയിച്ചതെങ്കിൽ ഇന്നത്തെ ഈ വിഷമസന്ധിയുടെതെ കഴിക്കാമായിരുന്നു. അതിനു കഴിവില്ലെങ്കിൽ കിട്ടുംകൊണ്ടു തളികവരുന്ന ഈ ബുദ്ധിമുട്ടുണ്ടാകുന്നതും തല്പാലം നടപ്പിലാക്കാതിരിക്കുകയെങ്കിലും ചെയ്യാമായിരുന്നില്ല എന്നാണ് ജനങ്ങൾ ചോദിക്കുന്നു.

സമസ്തകേരള സാഹിത്യപരിഷത്തു

3...പേജിൽനിന്നുതുടർച്ച

എം. കെ. ജോസഫ്, നെടുമുടി, ടി. വി. ജോസഫ്, ജോജ് നെല്ലായി, ടി. ടി. ജോൺ, വി. കെ. രാമൻ, മാത്യു ഇടമറുക, എം. സി പോൾ, വി. പി. ശ്രീധരമേനോൻ, എം. സി. ജോസഫ്, നമ്പ്യാതവീട്ടിൽ നാരായണമേനോൻ, റാസ് വില്യംസ്, എ. നാരായണക്കുട്ടി, ഇ. എം. ഹരിഹരൻ, ടി. കെ. ഇട്ടിയൂ, വി. രാമരമേനോൻ, എൻ രാധാകൃഷ്ണമേനോൻ, എൻ. ഡി. കുട്ടപ്പൻ, ...ം ജോസ്.

മത്സരം

വർഷികത്തോടനുബന്ധിച്ച് സാഹിത്യമത്സരങ്ങളും നടത്തിയിട്ടുണ്ട്. ചെറുകഥ ഏകാങ്കം, ഉപന്യാസം, കവിത എന്നി വിഭാഗങ്ങളിലാണ് മത്സരം ഏർപ്പെടുത്തിയിരിക്കുന്നത്. മൊത്തം സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതാണ്. ഈ വർഷികത്തോടനുബന്ധിച്ച് എട്ട് സമ്മേളനങ്ങളും നടക്കും. ഏതാണ്ട് 500 ഓളം സാഹിത്യകാരന്മാർ സാഹിത്യത്തിന്റെ വിവിധവശങ്ങളെപ്പറ്റിയുള്ള ചർച്ചകളിൽ പങ്കെടുക്കും. ഇങ്ങനെയാണ് സമ്മേളനാധിനിന്റെ പോക്ക്. ഭാഷാസാഹിത്യ കലാരംഗങ്ങളിൽ ഒരു നവചൈതന്യം സംജാതമാക്കുന്നതിന് ഇത്തരം വാർഷികാഘോഷങ്ങൾ ഉപകരിക്കും.

ഉത്സവം

സമ്മേളനം വെറും ഉത്സവമായി മാറിപ്പോകുന്നുവെന്നുള്ള പരാതി പല സാഹിത്യകാരന്മാരും ഉന്നയിക്കുന്നുണ്ട്. പരിഷത്തിന്റെ വാർഷികത്തോടനുബന്ധിച്ച് യുവസാഹിത്യകാരന്മാർക്കുവേണ്ടിയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. അടുത്തവർഷത്തെ സമ്മേളനത്തിൽ അത്തരം പരിപാടികൾകൂടി ഉണ്ടാകുമെന്ന നമുക്ക് ആശിക്കാം.

എന്തായാലും സാഹിത്യപരിഷത്തിന്റെ വാർഷികസമ്മേളനങ്ങൾ കേരളീയരുടെ സാംസ്കാരിക ജീവിതത്തിന്റെ അവിഭാജ്യമായ ഒരു ഘടകം എന്ന നിലയ്ക്കുമായ ഒരു പരിതുവസ്തുതയാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിലുള്ള സാഹിത്യകുതുകികളായ സുഹൃത്തുക്കൾക്കും പരിഷത്തിന്റെ വാർഷിക സമ്മേളനം കാരാപ്പുഴ സാംസ്കാരിക കേന്ദ്രത്തിൽവച്ചു കൊണ്ടാടുന്നതിന് മുൻകൈയെടുത്തു പ്രവർത്തിക്കുകയും, അതുപോലെ കരിക്കുന്ന പ്രാദേശിക സംഗീതസംഘവും പരിഷത്തിന്റെ നിസ്വാർത്ഥകസമിതിയും സഹകരിച്ചു സമ്മേളനം വിജയപ്രദമാക്കിത്തീർക്കുകയുമാണ് പതിവ്.

മഹത്തായ പാരമ്പര്യം

തിരുവിതാംകൂറിലെയും കൊച്ചിയിലെയും മഹാരാജാക്കന്മാരുടെ മഹനീയമായ രക്ഷാധികാരിത്വത്തിലാണ് പരിഷത്തു പുഷ്പിച്ചുവിടുന്നത്. മഹാകവി ഉള്ളൂരിന്റെയും (1931-1944) മഹാകവി വള്ളത്തോളിന്റെയും, [1945-1954] അധ്യക്ഷസ്ഥാനത്തിൽ പരിഷത്ത് സംഘടനാ കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിലെ അപരിഹാര്യ ശക്തിയായി വിരാ...

ണിന്റെ ആദ്യത്തെ വീടുപണിയുടെ 3...മൈൽസ്റ്റോണ് ഏ. കെ. നായർ റോഡ് (നെയ്ക്കുട്ട റോഡ്) മണ്ണുകിളച്ചിട്ട് നിരത്തി സമ്പാദയോഗ്യമാക്കിത്തീർത്തിരിക്കുന്നു. പ്രസ്തുത റോഡ് ഒന്നരയടിയോളം വെള്ളത്തിൽ മുങ്ങികിടന്നിരുന്നതിനാൽ ചെളിയും മറ്റും നിറഞ്ഞ് ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. ഇതിന് അതിനു തികിൽതന്നെ മരാമത്ത് റോഡ് പുനർനിർമ്മാണം ചെയ്തു.

പ്രസ്തുത ശ്മശാനപ്രവർത്തനത്തിനു മാത്രംഗണിക്കപ്പുറമേ ഗ്രാമീണ വായനശാല, റണ്ണിംഗ് സ്പോർട്സ് ക്ലബ്, റൂറൽ സ്പോർട്സ് ക്ലബ്, ലേഡീസ് സോഷ്യൽ സർവ്വീസ് ലീഗ് എന്നി സംഘടനകളിലെ പ്രവർത്തകരും കെടുത്തിയ.

ചിരകാല പ്രതീക്ഷയും അഭിലാഷവും പൂവണിയുന്നു

പുരോഗതി

...ത കച്ചവടം ... ചെയ്തു ... ഭാഗ്യം ... ...ക്കുന്നു. ... ...ക്കുന്നു. ... ...ക്കുന്നു.


ദൈവവചനമിഷനറിമാർ

S V D മിഷനറിമാരായി വിവിധ പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന കഴിവുള്ള നല്ല മാർക്കോടുകൂടെ S. S. L. C. പാസ്സായവർ സർട്ടിഫിക്കറ്റ് ബുക്കുസഹിതം താഴെപ്പറയുന്ന സ്ഥലത്തു് ജൂൺ 1, 2 എന്നീ തിയ്യതികളിൽ എത്തി നിയുക്തനായിരിക്കുന്ന വൈദികനെ നേരിൽ കാണുക.

St. Mary's Seminary
Thoppe; Trichur.

WANTED 3 fully qualified hands within prescribed age limits for appointment under the management of Doctor Palppu Memmorial U. P. School Chakkamparamba, Kuruvilassery P. O. Apply within 10 days by registered Post to the manager with a copy to the A. E. O. Mala.

TONFUNK
[German]
RADIO കാം
എല്ലാ ഇനത്തിലും
എത്തിയിരിക്കുന്നു



125 ക. ക്കു്
ESBE റേഡിയോ
ഗാരണ്ടിസഹിതം
വിറ്റഴിക്കുന്നു.

സമീപിക്കുക.

WESTERN WATCH CO,
High Road (Phone: 1144) TRICHUR.

കാജാ ബീഡി

സാഹിത്യകാരന്മാർ ഇഷ്ടപ്പെടുന്ന ഏകബീഡി

പൊതുജനങ്ങൾ ഏറ്റവും നല്ലവയെന്നു് അഭിപ്രായപ്പെട്ടു് സ്വർണ്ണ മെഡലുകൾ നേടിയിരിക്കുന്ന കാജാ ബീഡി

കാലാവസ്ഥാ വ്യത്യാസമില്ലാതെ എന്നും
ഒരേ സ്വാദിലും കടുപ്പത്തിലും ലഭിക്കുന്നു

വായനക്കാരനിലെ ഏറ്റവും പൂർണ്ണ നായമനുഷ്യനാണു് വിമർശകൻ

—അഴീക്കോടു്

നിരൂപകന്മാർ വിനയസമ്പന്നരാകണമെന്നു് —കാറ്റാപ്പുഴ

"അമ്പലക്കാളകളെപ്പോലെ കയറൂരിവിട്ട ഒരുകൂട്ടരാണോ വിമർശകർ?" —എം. ഒ. ജോസഫു്

[സ്വന്തംപ്രതിനിധി] *ഉണ്ണായിനഗർ (ഇരിഞ്ഞാലക്കുട) മേയു് 29*

നമ്മുടെ കേരള സാഹിത്യപരിഷത്തിന്റെ വാർഷികോത്സവങ്ങളുടെ ഒന്നാംദിവസമായ ഇന്നലെ വൈകുന്നേരം 7 മണിയോടുകൂടി വിമർശന സാഹിത്യത്തെക്കുറിച്ചുള്ള സമ്മേളനം ആരംഭിച്ചു. സുകുമാർ അഴിക്കോടാണു് യോഗത്തിൽ അദ്ധ്യക്ഷത്വംവഹിച്ചതു്. കാറ്റാപ്പുഴ കൃഷ്ണപിള്ള സമ്മേളനം ഉദ്ഘാടനംചെയ്തു. എം. ഒ. ജോസഫ് തെറ്റുകുന്നം സ്വാഗതംപറഞ്ഞു.

'സാഹിത്യപരിഷത്തിന്റെ ദൃഷ്ടിയിൽ സുവ്യക്തമായ സമ്മേളനം ഈ വിമർശനസാഹിത്യ സമ്മേളനമാണു്. കാരണം, കേരളത്തിൽ വിമർശനം ഇന്നു കരുവഴിത്തിരിവിലായതുതന്നെ. സാഹിത്യത്തിന്റെജീവനാണു് വിമർശനം; വിമർശനമില്ലെങ്കിൽ ഭാഷയും സാഹിത്യവും മുടിക്കുമെന്നതിനു സംശയമില്ല എന്നാൽ വിമർശകൻ യാതൊരുനിയമത്തിനും വിധേയനല്ലു്. ഒരു കവി, ഒരു നോവലിസ്റ്റു് ഒരു ശാസ്ത്രകാരൻ സാഹിത്യസൃഷ്ടിക്കു ചില ചിട്ടകളും പ്രമാണങ്ങളും അനുസരിക്കണമെന്നു നമുക്കൊക്കെ അറിയാം. എന്നാൽ വിമർശകനു ഒരു നിയമവും ബാധകമല്ലേ?. അമ്പലക്കാളകളെപ്പോലെ കയറൂരിവിട്ട ഒരു കൂട്ടരാണോ വിമർശകർ? ഞാനിതു പറയുന്നതു അടുത്തകാലത്തു മലയാളത്തിലെ ഗംഭീരസാഹിത്യപ്രസിദ്ധീകരണങ്ങളിൽ കാണുന്ന വിമർശനങ്ങളിൽ നിന്നുമാത്രം വായിച്ചതിനുശേഷമാണു്. ഒരു ഗ്രന്ഥം കയ്യിലെടുക്കുമ്പോൾ പെട്ടെന്നു ഒരുവനു തോന്നുന്ന അഭിപ്രായമാണോ മാതൃകാപരമായ വിമർശനം. നമുക്കിഷ്ടമില്ലാത്തവരോ, നാം ആഗ്രഹിക്കാത്തവരോ ആയ ചെറുപ്പക്കാരായ എഴുത്തുകാരെ നേരോവഴിക്കു നടപ്പുവാനും, അവരുടെ വളർച്ച തടയുവാനും വേണ്ടിയുള്ള ഇത്തരം വിമർശനങ്ങൾക്കു കടിഞ്ഞാണിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഒരുദാഹരണം പറയാം. പവിട്ടുനാടകത്തെപ്പറ്റി ഒരു വനിത ഈയിടെ ഒരു ഗ്രന്ഥമെഴുതി. നമ്മുടെ മുൻപന്തിയിൽ നില്ക്കുന്ന ഒരു വാരിക അതിനെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. കാരണം വൈപ്പിക്കോട്ട സെമ്മിനാരി അവക്കാട്ടാണെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. പക്ഷെ, വൈപ്പിക്കോട്ട ചങ്ങനാശ്ശേരിയിലാണെന്നു കേരളചരിത്രത്തിൽ കെ. പി. പത്മനാഭമേനോൻ പറഞ്ഞിട്ടുണ്ടത്രെ. കെ. പി. പത്മനാഭമേനോൻ അങ്ങിനെ പറഞ്ഞിട്ടില്ലെന്നുള്ളതാണു് സത്യം. ഇല്ലാത്ത ഒരു പ്രസ്താവത്തെ ആധാരമാക്കി ഒരു ഗ്രന്ഥത്തെ തേജോവധം ചെയ്യുക; ആ വിമർശനം തെറ്റാണെന്നു പറഞ്ഞാൽ അതു പ്രസിദ്ധപ്പെടുത്താതിരിക്കുക. ഇതാണോ വിമർശനം. ഇതേപ്പറ്റിയാണു് നാം ഉറച്ച ചിന്തിക്കേണ്ടിയിരിക്കുന്നതു. മലയാളത്തിലെ തലക്കനംവന്ന വിമർശകന്മാർ മെ: കാറ്റാപ്പുഴ കൃഷ്ണപിള്ള, സുകുമാർ അഴിക്കോടു്, കെ. എം. തരകൻ എന്നിവർ ഇവിടെ ഉണ്ടായിരുന്നതു നന്നായി. ഈ വിഷയത്തിൽ അവർ നമുക്കു ശ്രദ്ധേയമായ നേതൃത്വം നൽകുമെന്നു പ്രത്യാശിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു് എം. ഒ. ജോസഫ് എല്ലാവർക്കും സ്വാഗതമാശംസിച്ചു.

കാറ്റാപ്പുഴ

പിന്നീടു് കാറ്റാപ്പുഴ കൃഷ്ണപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു് ഇങ്ങിനെപ്പറഞ്ഞു: 'പരിഷത്തിന്റെ സമ്മേളനം വെറും ഉത്സവമായി മാറിപ്പോകുന്നതു ഖേദകരമാണു്. ഇതു അഭിലഷണീയമല്ല. സാഹിത്യം ഉണ്ടായ കാലം മുതൽ വിമർശനസാഹിത്യവും ഉണ്ടായി. വായനക്കാരാണു് ആദ്യത്തെ വിമർശകർ, പക്ഷെ അവരെല്ലാം തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നില്ലെന്നുമാത്രം. സാഹിത്യവിമർശനത്തിന്റെ പ്രധാന ഘടകങ്ങളും വിശകലനം, വ്യാഖ്യാനം, വിലയിരുത്തൽ ഇവയാണു്. എല്ലാം വിലയിരുത്തലിലാണു് അടങ്ങിയിരിക്കുന്നതു്. ഷേക്സ്പിയറേയും, കാളിദാസനേയും ലോകം അറിഞ്ഞതു് നിരൂപകന്മാർ വഴിയാണു്. പണ്ഡിതന്മാരായ വിമർശകന്മാർ കൃതികളുടെ ഗുണദോഷവും കണ്ടുപിടിക്കും, അവരാണു് യഥാർത്ഥത്തിൽ സാഹിത്യകൃതികളുടെ മഹത്വം ജനങ്ങൾക്കു പകർന്നുകൊടുക്കുന്നതു്. നിരൂപകന്മാർ വിനയസമ്പന്നരാകണമെന്നുമാത്രം. ഖണ്ഡനവിമർശനംകൊണ്ടു് കവികർമ്മം വിഷമിക്കുന്നതെന്തിനാണു് അത്തരം വിമർശനംപോലും അവക്കു നേട്ടമാണു്.

അഴീക്കോടു്

അദ്ധ്യക്ഷപ്രസംഗത്തിൽ സുകുമാർ അഴിക്കോടു് ഇപ്രകാരം പ്രസ്താവിച്ചു:— "സമസ്തകേരളസാഹിത്യപരിഷത്തിനു് ഗൗരവതരമായ ഒരു ലക്ഷ്യം നിറവേറ്റാനുണ്ടെന്നാണു് എന്റെ വിശ്വാസം. മലയാളസാഹിത്യത്തിന്റെ വിവിധശാഖകളിലും പുതിയ ചലനങ്ങൾ സംഭവിക്കുന്ന കാലമാണിതു്. എല്ലാതലത്തിലും വളർച്ചക്കുള്ള വെമ്പൽ കാണുന്നു. സാഹിത്യത്തിന്റെനേരെ വായനക്കാരൻ കൈക്കൊള്ളേണ്ട രീതിതന്നെ വിമർശനമാണു്. പക്ഷെ സാഹിത്യവിമർശനം ഇന്നൊരു 'എത്തിക്കൽ പ്രോബ്ലം' ആയിരിക്കുകയാണു് ഇതൊരു നൈതികപ്രശ്നമാണെന്നു പറയുവാൻ നിരവധി കാരണങ്ങളുണ്ടു്. ഇവിടത്തെ സാഹിത്യവിമർശകനു രണ്ടാംതരം പൌരനാക്കിയിരിക്കുകയാണു് പുതിയ കേരളം. കാരോ സാഹിത്യകാരനും തന്റെ ആശയസത്തു് വാക്കുകളിലൂടെ കലാപരമായി ആവിഷ്കരിക്കുന്നു. സൃഷ്ടിയുടെ സമയത്തു എഴുത്തുകാരൻ സ്വതന്ത്രനാണു്. പക്ഷെ, ലക്ഷ്യവും, നേട്ടവും തമ്മിൽ എപ്പോഴും വ്യത്യാസം വരുന്നുണ്ടു് അതുകൊണ്ടു മിക്ക എഴുത്തുകാരനും തന്റെ പരാജയത്തിൽ ദുഃഖം തോന്നും. ഗ്രന്ഥകർത്താവിനു തന്റെ ലക്ഷ്യത്തിൽ എത്താൻ കഴിയാത്തതുകൊണ്ടു് സങ്കടമാണു്. ഗ്രന്ഥകാരനു പൂർത്തിയാക്കാൻകഴിയാത്ത കണ്ണി ശരിയാക്കുന്നതു വായനക്കാരനാണു്. വായനക്കാരനിലെ ഏറ്റവും പൂർണ്ണനായ മനുഷ്യനാണു വിമർശകൻ. തന്മൂലം ജനങ്ങൾക്കു വെളിച്ചം വിതറുന്ന വിമർശകന്മാരെ സൃഷ്ടിക്കേണ്ടതു സാഹിത്യകാരന്മാർ അംഗീകരിക്കണം. ഭവഭൂതിയും കാളിദാസനും തങ്ങളുടെ കൃതികളെ ഇഷ്ടംപോലെ വിമർശിക്കുവാൻ പറഞ്ഞു. തങ്ങളുടെകൃതികളുടെ ഉൾപ്പൊരുൾ ഉള്ളതെന്തെന്നു കുറിച്ചു ഉറച്ച വിശ്വാസം ഉള്ളവരായിരുന്നു അവർ. ഈ മഹാകവികൾ നിരൂപകന്മാർക്കു നൽകിയ മാർഗ്ഗനിർദ്ദേശമാണു്. ഗ്രന്ഥസ്രോതസ്സുകളുടെ യുഗത്തിലാണു് നാം. തന്മൂലം ജനതയ്ക്കു് നിരൂപകന്മാർക്കു് വലിയ കടപ്പാടുണ്ടു്. ഗ്രന്ഥപ്രളയത്തിന്റെ ഈ യുഗത്തിൽ ഉജ്ജ്വലമായ ശൈലിയിൽ നിരൂപകന്മാർ എഴുതണം. കൊട്ടാരകവികളുടെ മദ്ധ്യത്തിലാണു് എഴുത്തുകാരൻ ജീവിക്കുന്നതു്. തന്മൂലം നിരൂപകന്മാർ കലാപരമായ താല്പര്യത്തെ മാത്രം മുൻനിർത്തി എഴുതണം. സാഹിത്യരംഗത്തു ഹിമാലയങ്ങളും ഉണ്ടാകണം. അതിനു് 'ജപ്പാൻകുഷി' നടത്തണം. സമഗ്രമായ വിമർശനങ്ങളും ഇവിടെ ഉണ്ടാവണം. പ്രധാനപ്പെട്ട കൃതികളെക്കുറിച്ചു സമഗ്രമായ വിമർശനങ്ങളും ഉണ്ടായാലെ സാഹിത്യം സമ്പന്നമാവുകയുള്ളു. എഴുത്തുകാരന്റെ മാനദണ്ഡം വലുതാകണം. വലിയ ചക്രവാളം സൃഷ്ടിക്കാരിക്കുമേഖലയിൽ ഉണ്ടാവണം. കവിതക്കുള്ള സ്മാരകമാണു വിമർശനം. വിമർശനത്തിനേറെ കാവ്യവും' എം. കെ. സാനു, കെ. എം. തരകൻ എന്നിവരുടെ പ്രസംഗങ്ങൾക്കുശേഷം ടി. കെ. പോറ്റി കൃതജ്ഞത പറഞ്ഞു.

നാടകസാഹിത്യം

((7-ാംപേജിൽനിന്നു തുടർച്ച)

ന്ന തിയേറ്ററിന്റേയോ ഹാളിന്റെയോ വാടകയുടക്കി വേറെയും ചിലവുകളുണ്ടാവും. പൂരുക്കത്തിൽ ഈ നാടകാവതരണം സാമ്പത്തിക നഷ്ടമായിക്കലാശിക്കുന്നു. അമേച്വർകലാസമിതികളെ ശ്വാസംമുട്ടിച്ചു കൊല്ലുന്ന അവയെ ടോർപ്പീഡൊവെച്ചു തകർക്കുന്ന ഈ നീക്കത്തിനായത്തിൽ മാറ്റംവരുത്താൻ സെക്രട്ടറി മനസിപ്പിച്ചാലിറിയും തയ്യാറാവാത്തപക്ഷം അമേച്വർ കലാസമിതികൾ ഇവിടെ വരുകയില്ല, പുതിയ നാടക പരീക്ഷണങ്ങൾ ഇവിടെ നടക്കുകയില്ല.

ഭാവി

കലകളെ പ്രോത്സാഹിപ്പിക്കുന്നും കലാസംഘടനകളെ വളർത്താനും സാംസ്കാരിക പ്രവർത്തനങ്ങളെ വിജയിപ്പിക്കാനുമാണു് വർഷംതോറും ലക്ഷക്കണക്കിനു രൂപ കേന്ദ്രസർക്കാർ ചെലവാക്കുന്നതു്. അതിന്റെ കീഴ്ഘടകങ്ങളിലൂടെ നികുതിയുടെയുംമറ്റും പേരിൽ അമേച്വർകലാസമിതികളെ തളർത്തുകയും തകർക്കുകയുമാണു ചെയ്യുന്നതു്. ഈ നയത്തിൽ ഒരു മാറ്റംവരുത്താൻ ബന്ധപ്പെട്ടവർ തയ്യാറായാൽ, ഇവിടെ അമേച്വർ കലാസമിതികൾ രക്ഷപ്പെടും. അവ നാടകവേദിയിൽ പുതിയ പരീക്ഷണങ്ങൾ നടത്താൻ തയ്യാറാവും. അതുവഴി അവർക്കു് ഉയർച്ചയും നമ്മുടെ നാടകശാഖക്കു് വളർച്ചയും കരഗതമാവും.

N B S NEWS

"പുസ്തകമാസം"

16 ക. യുടെ 9 പുസ്തകങ്ങളടങ്ങിയ ബുക്കു് പായ്ക്കു് റൂ. 10 ക. യ്ക്കു് ഇപ്പോൾ കിട്ടും

ജൂൺ 1 മുതൽ 28 വരെ "എൻ. ബി. എസ്. പുസ്തകമാസം" ആഘോഷിക്കുന്നു.

ഈ സമയത്തു് എല്ലാ എൻ. ബി. എസ്. പുസ്തകങ്ങളും വമ്പിച്ച സൗജന്യനിരക്കിൽ വാങ്ങാം.

16 ക. വിലയുള്ള 9 പുസ്തകങ്ങളടങ്ങിയ 12 ഇനം ബുക്കു്പായ്ക്കറുകൾ 10 ക. യ്ക്കു് എൻ. ബി. എസ്—ന്റെ എല്ലാ ശാഖകളിൽ നിന്നും വാങ്ങാം.

ഈ ആകർഷകമായി പുസ്തകം വാങ്ങാൻ മറ്റൊരവസരം നിങ്ങൾക്കു കിട്ടിയെന്നുവരികയില്ല.

എൻ. ബി. എസ്—ന്റെ തൃശ്ശൂർ ബ്രാഞ്ചു് (ഹൈറോഡ്) സന്ദർശിക്കുക.

Printed and Published by Paul Valappila for the A. C. P Institut at the Thozhilali press Trichur.

റേഡിയൊ മുൻക്രൂർ കൊടുക്കുന്നു!!!



ഇന്നതന്ന റേഡിയോ വാങ്ങുക

പണം പിന്നീടു് വേണമെങ്കിൽ തിരിച്ചടച്ചാൽ മതി

ക്ലോക്കുകൾ റേഡിയൊ സെയ്ൽസിനും റിപ്പയർസിനും സൗകര്യപ്പെടുത്തിയിരിക്കുന്നു

ഗണപതിയാൻ & ബ്രദേഴ്സ്
ഫോൺ 622 തൃശ്ശൂർ (തൃശ്ശൂർ ജൂവലറി സമീപം) തൃശ്ശൂർ-1

വിവരങ്ങൾക്ക് 50 നയാ പൈസാ സഹിതം അപേക്ഷിക്കുക.

ASBESTOS ROOFING SHEETS
ആസ്ബസ്റോസ് മേച്ചിൽ ഷീറ്റുകൾ
അത്യാവശ്യക്കാർക്കു് മാത്രം
Enquire: Phone No. 858
JAMES & FREDERIC
High Road :: TRICHUR

Tel: TIMBEROR KALLETTUMKARA.
Phone: Resi. 12.
Office. 34.
Chalakudi Exchange

Managing Partner
P. A. JOHN & SONS,
TIMBER MERCHANTS
CHRIST NAGAR
KALLETTUMKARA
Trichur Dist. KERALA.


C. S. T. Reg. No. I. G. S. T. Reg. No: 4.
P. A. JOHN
TIMBER MERCHANT
MATCH FACTORY & SAW MILL OWNER
CHALAKUDI.
Prop: St. Antony's Saw Mill, Kallettumkara.

കമലവിലാസ്
വാസന സാധനങ്ങളും
ചന്ദ്രൻ, കുങ്കുമപ്പൂവ്, കൺമഷി, ചന്ദനപ്പൊടി, ചന്ദനവില്ല, പൂണ്ണാമ്പു്, ദശാംഗം, ആനന്ദകുമും എന്നു വാസനവുകയിലുള്ള സുഗന്ധതൈലം മുതലായവ.
പി. എ. അയ്യർ, കമലവിലാസ് പരിമള തൊഴിൽശാല, തൃശ്ശൂർ.

Phone : 118
ഫോട്ടോ സംബന്ധമായ ആവശ്യങ്ങൾക്കു്
ഒരു വിശ്വസ്ഥസ്ഥാപനം
സന്ദർശിക്കുക:—
ജോയി സ്റ്റുഡിയോ
ഹൈറോഡ് :: തൃശ്ശൂർ

രക്തം
വർദ്ധിപ്പിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമുള്ള 'ടോണിക്കുകളിൽ' മാറ്റുമാറ്റു ഉപയോഗിച്ചിട്ടും ഫലമില്ലെങ്കിൽ
പഞ്ചരോഗസംഹാരി
സേവിക്കുകയും
ശാരിബാതൈലം
(അമിതമായി പൂണ്ണിച്ചവർ നീർവിഷസംഹാരി) തലയിലും ദേഹത്തിലും തേച്ചുകുളിക്കുകയും ചെയ്താൽമതി. കൂടുതൽ വിവരങ്ങൾക്കു് കാളൻസ് സെയിൽസ് ഡിപ്പോകളിൽ (തിരുവനന്തപുരം—സ്റ്റാച്യു റോഡ്, കോട്ടയം—പുളിമൂട്ടിൽ കവല, ആലപ്പുഴ—ബോട്ടു ജെട്ടിക്കു് സമീപം, എറണാകുളം—കാനൻഷെഡ് റോഡ്, തൃശൂർ—മുൻസിപ്പൽ ആഫീസ്റോഡ്, കോഴിക്കോടു്—മിഠായിതെരുവു്. (തലശ്ശേരി—മിഷ്യൻ സ്കൂളിനു സമീപം, കണ്ണൂർ—കാംബസാർ ഈസ്റ്റു്) സന്ദർശിക്കുകയോ കാളൻസ് ഏജൻസികളെ സമീപിക്കുകയോ, താഴെ കാണുന്ന വിലാസത്തിൽ എഴുതുകയോ ചെയ്യുക.
കാളൻ, നെല്ലായി S. INDIA.

കുതിരമാർക്ക് നല്ലെണ്ണ



PURE GINGELLY OIL
C. A. OUSEPH & V. J. PAUL
WHOLESALE MERCHANTS & MILLOWNERS
സി. എ. ഔസേപ്പ് & വി. ജെ. പോൾ
കച്ചവടം, നായരങ്ങാടി, തൃശ്ശൂർ
Telephone: Shop : 233 Res-1 : 12 Mills : 260 Res-2 : 669 Telegram : "OUSEPHPAUL"

ഗോൾഡൻ ലോഡ്ജ്
കോളേജ് റോഡ് : തൃശ്ശൂർ
ആധുനിക സജ്ജീകരണങ്ങളോടു് കൂടിയ ഡബ്ബിൾ & സിങ്കിൾ റൂം ബാത്തു് അറാച്ചു്ഡ്
For Booking:-
കള്ളിയത്തു് ജ്വല്ലറി
ഹൈറോഡ് :: തൃശ്ശൂർ.
Phone: 518 :: Res: 518 A

സ്കൂൾ
സ്റ്റെയിൻലസ് സ്റ്റീൽ
സമ്മാനസെറ്റുകൾക്കു്
Round South (Phone 789) Trichur-I
സ്റ്റെയിൻലസ് സ്റ്റീൽ
വെയേഴ്സ്
തുറക്കുന്നു
സ്റ്റെയിൻലസ് സ്റ്റീൽ
ചോറുപാത്രങ്ങൾക്കു്

തൊഴിലാളി സാഹിത്യപരിഷത്ത് സപ്ലിമെന്റ്

പരിഷത്തിന്റെ ചിത്രം

ആരംഭം

ഇടപ്പള്ളി കൃഷ്ണരാജാവിന്റെ രക്ഷാധികാരത്തിൽ നടന്നവന്നിരുന്ന ഒരു സാഹിത്യസമാജമാണ് സമസ്തകേരള സാഹിത്യപരിഷത്തിന ബീജാവാപം ചെയ്തത്. കൃഷ്ണരാജാവിന്റെ മകനായ

എ. ഡി. ഹരിശർമ്മ

കരുണാകരമേനോനായിരുന്ന സമാജത്തിന്റെ കാര്യദർശി. കോഴിക്കോട്ട് സാമൂതിരി കോളേജിൽ ഇൻറർമീഡിയറ്റ് ക്ലാസ്സിൽ പഠിച്ചിരുന്ന മി. മേനോൻ എന്തോ കാരണവശാൽ പഠിപ്പ് മതിയാക്കി സചിവത്തിൽ വന്നു താമസിക്കുന്ന കാലമായിരുന്ന അതു്. മാസത്തിൽ രണ്ടു തവണ വീതം സമ്മേളിച്ചിരുന്ന സാഹിത്യസമാജത്തിന്റെ പ്രാരംഭസമ്മേളനം ഒരു വലിയ സാഹിത്യോത്സവമായി കൊണ്ടാടാൻ തരവാഹികം തീരുമാനിച്ചു. ആ സാഹിത്യമഹോത്സവമാണ് 1102 മേടം 11-ം, 12-ം, 13-ം തീയതികളിൽ ഇടപ്പള്ളിയിൽ വെച്ചു നടന്ന സാഹിത്യപരിഷത്തിന്റെ പ്രഥമ സമ്മേളനമായിത്തീർന്നു. അന്നു് സാഹിത്യലോകത്തിലെ മുടി ചൂടാ മന്നന്മാരായിരുന്ന പി. കെ. നാരായണപിള്ള, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, രാമവർമ്മ അപ്പൻതമ്പുരാൻ, വള്ളത്തോൾ നാരായണമേനോൻ എന്നീ നാല് മഹാരഥന്മാരെ നാല് യോഗങ്ങളിലെ അദ്ധ്യക്ഷന്മാരായി ക്ഷണിച്ചുവരുത്താൻ സാധിച്ചതു് കൃഷ്ണരാജാവിന്റെ സുകൃധരത്വംകൊണ്ടു മാത്രമാണ്. ആ സമ്മേളനത്തിന്റെ ചെലവു് മുഴുവൻ നിറ്റ്ഹരിച്ചതു് കൃഷ്ണരാജാവുതന്നെയാണെന്നും അതിലേയ്ക്കായി പൊതുജനങ്ങളിൽനിന്നു് ഒരക്കാശുപോലും പിരിക്കയുണ്ടായി ല്ലെന്നും ഈ അവസരത്തിൽ പ്രത്യേകം സൂചിക്കേണ്ടതായിട്ടുണ്ടു്. തന്റെ വിദ്യാർത്ഥിജീവിതം പുനരാരംഭിക്കാൻ സാധിച്ചു എന്നുള്ള ഒരു ചെറിയ ലാഭം സമാജകാര്യദർശിയായ മി. കരുണാകരമേനോനു് ഈ സമ്മേളനംമൂലം സിദ്ധിച്ചു. ഒരു പ്രസംഗികന്റെ നിലയിൽ സമ്മേളനത്തിനു് സന്നിഹിതനായിരുന്ന പി. ശങ്കരൻ നമ്പ്യാരുമായി കണ്ട പരിചയപ്പെടാനും, അതുവഴി അതിനടുത്തകൊല്ലം എറണാകുളം മഹാരാജാസ് കോളേജിൽ പ്രവേശം സിദ്ധിക്കാനും ഇടവന്നതാണ് ഇതിനു കാരണം.

രജിസ്റ്റർചെയ്ത

പ്രഥമ സമ്മേളനത്തിലെ അദ്ധ്യക്ഷന്മാരിലൊരാളായിരുന്ന അപ്പൻതമ്പുരാൻ പരിഷത്തിന്റെ ദ്വിതീയ സമ്മേളനം തൃശ്ശിക്ക ക്ഷണിച്ചു. ഒരോ സമ്മേളനത്തിലും അദ്ധ്യക്ഷന്മാരായി വരുന്നവരിൽ ആരെങ്കിലുമോ, സദസ്യരിൽ ചിലരോ അടുത്ത സമ്മേളനം തങ്ങളുടെ ദിക്കിലേയ്ക്കു ക്ഷണിക്കുക എന്ന ഈ സമ്പ്രദായംതന്നെയാണ് ഇപ്പോഴും നടന്നവരുന്നതു്. ഇങ്ങനെ ആറാമത്തെ സമ്മേളനം നടന്നതു് എറണാകുളത്തുവെച്ചായിരുന്നു. ഓരോ സമ്മേളനത്തിലും വെച്ചു് അടുത്ത കൊല്ലത്തേയ്ക്കുള്ള പുതിയ പ്രവർത്തകസംഘത്തെ തിരഞ്ഞെടുക്കുക എന്ന ഒരു ചടങ്ങു് നിറ്റ്ഹിക്കപ്പെട്ടവന്നിരുന്നുവെങ്കിലും, പരിഷത്തിൽ അംഗങ്ങളെ ചേർക്ക, കണക്കുകളും റിക്കാർഡുകളും ശരിയായി സൂക്ഷിക്കുക, അതെല്ലാം അടുത്ത കൊല്ലം പുതിയ നിറ്റ്വാഹകസംഘത്തെ ഏല്പിക്കുക എന്നു തുടങ്ങി ഒരു സ്ഥാപനത്തിന്റെ സുസ്ഥിരതയ്ക്കു ത്യാവശ്യമായ കൃത്യങ്ങളൊന്നും അതുവരെ വേണ്ടപോലെ നടന്നിരുന്നില്ല. ഈ നില മാറ്റി പരിഷത്തിനെ സ്ഥിരമായ ഒരു സംഘടനയായി നിലനിർത്തണമെന്നും എറണാകുളത്തെ സമ്മേളനഭാരവാഹികം തീരുമാനിക്കുന്നു. അനന്തരം സരിച്ചു് കൊച്ചിരാജ്യത്തിലെ [illegible] റജിസ്ട്രേഷൻപ്രകാരം എറണാകുളം രജിസ്ട്രാഫീസിൽ 1107 ധനു 27-ാംനു 1107-ൽ ഒന്നാം നമ്പരായി സാഹിത്യപരിഷത്തു് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പരിഷത്തിന്റെ പ്രഥമ പ്രവർത്തകന്മാരായി മെമ്മോറാണ്ടത്തിൽ ഒപ്പിട്ടിട്ടുള്ളതു് താഴെ പേരു് പറയുന്നവരാണു്:

1. ടി. കെ. കൃഷ്ണമേനോൻ, ബി. എ;
2. പി. ശങ്കരൻനമ്പ്യാർ, എം. എ; ചേലനാട്ടു് അച്ചുതമേനോൻ, ബി. എ;
4. കവിസാർവ്വഭൌമൻ വള്ളത്തോൾ നാരായണമേനോൻ, 5. പി. വി. കൃഷ്ണവാര്യർ, 6. മള്ളൂർ ഗോവിന്ദപ്പിള്ള, ബി. എ; ബി. എൽ; 7. പി. കെ. നാരായണപിള്ള, ബി. എ; ബി. എൽ; 8. ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, എം. എ; ബി. എൽ; 9. രാമവർമ്മ അപ്പൻതമ്പുരാൻ, 10. തോമസ് പാഠം, ബി. എ; 11. മൂക്കോന്നു് കുമാരൻ.

സമ്മേളനങ്ങളും

പരിഷത്താരംഭിച്ചിട്ടു് 30 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇക്കൊല്ലം നടക്കുന്നതു് 26-ാം സമ്മേളനം മാത്രമാണ്. 1102 മുതൽ 1113 വരെ 12 സമ്മേളനങ്ങളും മുടങ്ങാതെ നടന്നു. 1113 ൽ ഈ സമ്മേളനത്തിൽ സന്നിഹിതനായ പങ്ങമ്പുഴ കൃഷ്ണപിള്ള അടുത്തവർഷം ഇടപ്പള്ളിയിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. [illegible] 1114 കുംഭം 29-ാംനു കാലത്തോ വേനലൊഴിവിനോടു് പതിമൂന്നാം സമ്മേളനം നടത്തിയിരുന്നതു്. പക്ഷേ, അതു നടക്കുന്നതു് 1114 കർക്കടകം 31, 1115-ം 1, 2 എന്നീ തീയതികളിലാണ്. 1115 ൽ നടക്കേണ്ട പതിനാലാം സമ്മേളനം നീണ്ടുപോകാൻ ഉപാധാരണമായിതന്നെ ഒരു കാരണമുണ്ടായിരുന്നു. 1117, 1120, 1126, 1132 എന്നീ കൊല്ലങ്ങളിലായിരുന്നു സമ്മേളനങ്ങൾ നടക്കേണ്ടിയിരുന്നതു്. നടക്കുകയുണ്ടായ ചിലർ ക്ഷണിച്ചിരുന്നതനുസരിച്ചു് പ്രവർത്തിക്കാതിരുന്നതാണ് 1126 എന്നീ കൊല്ലങ്ങളിൽ [illegible] സമ്മേളനം നടക്കാതിരിക്കാൻ കാരണം. കഴിഞ്ഞ പരിഷത് പ്രവർത്തകന്മാരെ മുഴുവൻ തലയോറാട്ടുള്ള 1127 ലായിൽ എറണാകുളത്തുവെച്ചു് ആ സമ്മേളനം നടത്തുകയുണ്ടായതു്. പ്രാരംഭം മുതൽ ഇന്നുവരെയുള്ള സമ്മേളനം നടന്ന സ്ഥലവും കാലവും പ്രേത്തിയ ഒരു പട്ടിക മരാറാരിടത്തുത്തിട്ടുണ്ട്.

പ്രമേയങ്ങളും

സമ്മേളനം നടന്ന സ്ഥലങ്ങളിലുള്ളവർ അവരുടെ [illegible] സരിച്ചു് പല പ്രമേയം പാസ്സാക്കാറുണ്ടു്. അവ പാസ്സാക്കുന്ന സമ്മേളനം നടത്തുന്ന സ്വാഗതപ്രസംഗത്തിന്റെ ആയുസ്സു് സമ്മേളനത്തോടടുത്ത അവസാനിക്കയാണു് പതിവു്. അതിനാൽ അവിടെപ്പാസ്സാക്കപ്പെടുന്ന പ്രമേയങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനുള്ള മുമല ആക്കാണെന്നുള്ളതുമല്ല. അതുമുതല രജിസ്റ്റർ ചെയ്ത പരിഷത്തിനാണെന്നാണ് സാമാന്യനിയമം ധരിക്കുക. എന്നാൽ അതു കൊല്ലത്തെ സമ്മേളന ഭാരവാഹികളിലും പരിഷത്തിന്റെ ഭാരവാഹികളുമായി ഇക്കാര്യത്തിൽ സന്ധിക്കുന്നതുകൊണ്ടു പതിവില്ല. എന്നു മാത്രമല്ല, ഇക്കാര്യത്തിൽ സമ്മേളനങ്ങളിലും പാസ്സാക്കപ്പെടുന്ന പ്രമേയങ്ങളും എതൊക്കെയാണെന്നുപോലും രജിസ്റ്റർ ചെയ്ത പരിഷത്തിനു് ഭാരവാഹികംക്കറിഞ്ഞുകൂടാ. ഞാൻത്തന്നെ അവ നടപ്പിൽവരുത്തുവാൻ സാധിക്കുമോ എന്നു കാര്യം വേ[illegible]കിടക്കുന്നു! ജി. ശങ്കരക്കുറുപ്പിനെപ്പോലെ പ്രമേയങ്ങൾ പാസ്സാക്കുന്നതിനുമുമ്പു് അതിനെപ്പറ്റി ഒരിടത്തു പറയുന്നുണ്ടു്: 'ഓരോ സമ്മേളനത്തിലും നിശ്ചയിച്ചു് സമ്മേളനം നടത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന പ്രവർത്തകസംഘത്തിൽ സ്ഥിരം പരിഷത്തിന്റെ കന്നുണ്ട പ്രവർത്തകന്മാരെങ്കിലും ഉൾപ്പെടുത്തിയിരിക്കണം എന്ന ഒരു പതിവു് നടപ്പിൽ വരുത്താൻ പരിഷൽ ഭാരവാഹികം ശ്രമിച്ചുകൊണ്ടിരിക്കയാണ്. ഈ നിർദ്ദേശം അക്ഷരാർത്ഥത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ല സമ്മേളനത്തെസ്സംബന്ധിച്ചു് ഓരോറാ ആലോചനാ യോഗത്തിൽപ്പോലും പരിഷൽഭാരവാഹികൾ [illegible] സംബന്ധിക്കാൻ സൗകര്യം [illegible] തന്നെ സമ്മേളനങ്ങൾ നടത്തുന്നുണ്ടു്. ഈ വകകാരണങ്ങളാൽ [illegible] അവ അവതരിപ്പിച്ചുവരുന്നതിനു് [illegible] കാണ്മാൻ സാധിച്ചിട്ടുമില്ല. വിസ്മൃതിയിലേയ്ക്കു് ആയി കഴിയുകയാണു്.

മാസിക

പരിഷത്തുവകയായി 'ഒരു നല്ല സാഹിത്യമാസിക' നടത്തേണമെന്നുള്ള തീരുമാനം ഇടപ്പള്ളിയിലെ പ്രഥമ സമ്മേളനത്തിൽ വെച്ചുതന്നെ ഒരു പ്രമേയം പാസ്സാക്കിയിരുന്നു. ഉള്ളൂർ, കോട്ടക്കൽ, തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിലെ സമ്മേളനങ്ങളിൽ അതു് ആവർത്തിക്കപ്പെടുകയും ചെയ്തു. തിരുവനന്തപുരത്തു നടന്ന ചതുർത്ഥസമ്മേളനത്തിൽ മാസികാ പ്രവർത്തനത്തിനായി ആറംഗർ, പി. വി. കൃഷ്ണവാര്യർ, ടി. കെ. കൃഷ്ണമേനോൻ, വള്ളത്തോൾ, പി. കെ. നാരായണപിള്ള, ഐ. സി. ചാക്കോ, മള്ളൂർ മുതലായ 20 പേരടങ്ങിയ ഒരു സമിതി തിരഞ്ഞെടുക്കുകയും ചെയ്തു. പി. അനന്തൻപിള്ള എം. എ. ആയിരുന്ന കമ്മിറ്റിയുടെ സംയോജകൻ. പക്ഷേ ആ പ്രമേയവും പ്രവൃത്തിയിൽ വരികയുണ്ടായില്ല. എറണാകുളത്തുവെച്ചു നടന്ന ആറാമത്തെ സമ്മേളനത്തിൽ ഒരു 'ത്രൈമാസികം' ആരംഭിക്കണമെന്ന തീരുമാനിക്കയും അപ്പൻതമ്പുരാൻ, അമ്പാടി കാർത്ത്യായനിഅമ്മ, ഏ. ഡി. ഹരിശർമ്മ, അനന്തനാരായണശാസ്ത്രി, ടി. കെ. കൃഷ്ണമേനോൻ, പി. ശങ്കരൻ നമ്പ്യാർ എന്നിവരടങ്ങിയ ഒരു പ്രവർത്തക സംഘത്തെ അതിലേക്ക തിരഞ്ഞെടുക്കുകയും ചെയ്തു. ഇതനന്തരിച്ചു് 1108 ചിങ്ങത്തിൽ ആരംഭിച്ചുതാണ് 'പരിഷൽ ത്രൈമാസികം.' ചിങ്ങം, വൃശ്ചികം, കുംഭം, ഇടവം ഈ മാസങ്ങളിലാണു് അദ്യം ത്രൈമാസികം പുറപ്പെട്ടിരുന്നതു്. കുറേക്കഴിഞ്ഞപ്പോൾ അതു് തുലാം, മകരം, മേടം, കർക്കടകം എന്നു് മാ[illegible]യിത്തീർന്നു. 1122 മകരത്തിൽ [illegible] പുസ്തകം രണ്ടാം ലക്കംവരെ [illegible] നടന്നുപോന്നു. അക്കൊല്ലം [illegible] മുതൽ അതു പേരു കൊണ്ടു് [illegible] പാക്ഷിക' മായി. [illegible] അച്ചടിച്ചുതുടങ്ങിയെങ്കിലും [illegible] മീനത്തിൽ മൂന്നാം ലക്ക[illegible]കത്തിൽ നാലാം ലക്കവുമ[illegible] നാല് ലക്കങ്ങൾ മാത്രമേ പു[illegible]തായി കാണുന്നുള്ള. 1123 ആരംഭം മുതൽക്കു് അതു കാര്യത്തിലും [illegible]മാസികമായിത്തീർന്നു. 1126 അവസാനംവരെ [19 ാം വാല്യം വരെ] ഇങ്ങനെ തുടർന്നതിനുശേഷം 1952 ജനുവരി മുതൽ അതു് ഒരു മാസികയായി പ്രസിദ്ധീകരിച്ചുതുടങ്ങി. ആ കൊല്ലം മുതൽക്കാണു് മാസികയുടെ സാമ്പത്തിക വർഷം ജനുവരി മുതൽ ഡിസംബർ വരെയായിത്തീർന്നതു്.

ആദ്യകാലങ്ങളിൽ ഗവേഷണ പ്രധാനങ്ങളായ ലേഖനങ്ങൾക്കു ത്രൈമാസികത്തിൽ ധാരാളം സ്ഥാനം അനുവദിച്ചിരുന്നു. പദ്യാധിപരായിരുന്ന ഉള്ളൂരിനു് അക്കാര്യത്തിൽ അല്പം നിർബ്ബന്ധത്തിനു ഉണ്ടായിരുന്നു എന്നു പറയാം.

റിപ്പോർട്ടകം

പരിഷത്സമ്മേളനങ്ങളിൽ വായിക്കുന്ന പ്രബന്ധങ്ങളും, കവിതകളും സമ്മേളനങ്ങളുടെ നടപടി വൃത്തവും അടങ്ങിയ റിപ്പോർട്ടകം പ്രസിദ്ധീകരിക്കുന്ന പതിവു് തുടങ്ങിവെച്ചതും ഇടപ്പള്ളി കൃഷ്ണരാജാവുതന്നെയാണു്. 'സാഹിത്യപ്രഭവം' എന്ന പേരിൽ ആണു് ആ പ്രഥമ സമ്മേളനറിപ്പോർട്ടു് പ്രസിദ്ധീകരിക്കപ്പെട്ടതു്. 1, 2, 3, 4, 7, 8, 9, 10, 16, 20 എന്നീ സമ്മേളനങ്ങളുടെ റിപ്പോർട്ടകം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളതായി കാണുന്നുള്ള. എറണാകുളത്തുവെച്ചു് നടന്ന ആറാം സമ്മേളനത്തിന്റെ റിപ്പോർട്ടു് പ്രസിദ്ധീകരിക്കണമെന്നുദ്ദേശമുണ്ടായിരുന്നു. അതിനു വേണ്ട സംഖ്യ സംഭാവനപ്പിരിവിൽനിന്നു് സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ സമ്മേളനത്തിന്റെ മുമതല വഹിച്ചതു് എറണാകുളം മഹാരാജാസ് കോളേജിലെ ഭാഷാസാഹിത്യ മണ്ഡല പ്രവർത്തകന്മാരാണെന്നും അതുകൊണ്ടു് ആ സംഖ്യ അവർക്കവകാശപ്പെട്ടതാണെന്നും ഉള്ള ഒരവകാശവാദം പുറപ്പെടുകയാൽ റിപ്പോർട്ടു് അച്ചടിപ്പിക്കാൻ വധിക്കാതെപോയി. പല സമ്മേളനക്കാരും ആ കാര്യത്തിൽ ശ്രദ്ധവെച്ചതായി കാണുന്നില്ല. 24-ാംസമ്മേളനത്തിന്റെ റിപ്പോർട്ടു് അച്ചടിപ്പിക്കുമെന്നു് ആയിടെ പറഞ്ഞുകേട്ടിരുന്നു. ഒരു വലിയ സംഖ്യ റിപ്പോർട്ടച്ചടിക്കാനായി നിക്കിവെച്ചിട്ടുണ്ടെന്നു പത്രങ്ങളിൽ പ്രസിദ്ധപ്പെട്ടതിയ സമ്മേളനത്തിന്റെ 'ബാലൻസ്ഷീറ്റിൽ' കാണുകയും ചെയ്തു. പക്ഷേ ആ റിപ്പോർട്ടും ഇതേവരെ അച്ചടിച്ചതായി കാണുന്നില്ല. രജതജൂബി

ശേഷം 6-ാംപേജിൽ

സാഹിത്യപ്പൂങ്കാവനം

(സി. മേരി ബനീഞ്ഞാ, സി. ഡി.)

'പാരിജാത'മെന്നൊരു ദിവ്യവൃക്ഷത്തെപ്പററി
ഭാരതീയരാകവേ കേട്ടറിഞ്ഞിരിക്കുന്നു.
ആ രമണീവൃക്ഷത്തിന്റെ നിഴലും കണ്ടിട്ടില്ല
പാരിലല്ലയു മേലോകത്തിലാണെപോലും.
ചെറുപ്പംമുതല്ലെന്റെ ഹൃദയത്തിൽനിന്നും
കറുവല്ലുതേപ്പററിക്കേട്ടിരിപ്പൂ ഞാനും.
ഒന്നുകാണുവാനുള്ള മാഗ്രഹമെന്നെ ചിന്ത
വന്നലട്ടി, ഞാനൊരു സ്വപ്നലോകത്തിലായി.

.....

.....

ഒററടിവെച്ചുവെച്ചു മന്ദമന്ദമായ് ചരി-
ച്ചെത്തി ഞാൻ നല്ലോരുപവനത്തിൽ, സമ്പൽസമൃദ്ധമായ്,
ചുററിലുംനോക്കി, നല്ല വസന്തവിലാസത്താ-
ലോരറവും ഹൃദ്യം കരംകവരും പൂകാവനം.
നന്ദനോദ്യാനംതന്നെയായിരിക്കുമോയിതെ-
ന്നൊന്നുഞാൻ ശങ്കിച്ചുപോയതുമേലാകഷ്കം.
മണ്ണിനെ സ്പർശിക്കാതെ, മഴുള്ളിയേല്പിക്കാതെ,
വിണ്ണിൽനിന്നുള്ള സൃഷ്ടശിൽപം ഗ്രഹിക്കാതെ
വളരും മഹീരുഹനിരകളം മനോഹരം
പുളകംകൊള്ളിച്ചെന്റെ മെയ്യിലാപാദമൂർധം.
പഴുത്ത പഴുങ്ങളെക്കണ്ടതിലൊന്നിൽപോലും
കൊഴിഞ്ഞുകിടപ്പതും കാണ്മതില്ലൊരേടത്തും.
ശുശനിൽ വിളമ്പിയ വിവേതങ്ങളെപ്പോലെ
പേശപതുങ്ങളിൽ ലസിപ്പു പ്രസൂനങ്ങം
മുകുള പ്രതീകമില്ലവയ്ക്കു, പതുങ്ങളി-
ലങ്കരിച്ചിട്ടം പൂക്കളം വാട്ടമെന്നിയേ നിൽപൂ
തുമധു തുളുമ്പുന്ന, സുഗന്ധം സ്രവിക്കുന്ന,
തുമയേമിസുനതല്പങ്ങളിൽനിന്നും.
ഇരുചാപത്തെ വെല്ലും വണ്ണമൊചിതുത്തോടെ
വന്നകൂട്ടുന്ന നൃത്തംചെയ്യുന്ന പൂമ്പാറകം.
നിറയെക്കടിച്ചാലും വിട്ടുമാറുകില്ലവ
കറയുന്നില്ല തെല്ലും പൂക്കളിൽ മരന്ദവും.
പാടിടും മധുപങ്ങളാടിടും ലതകളേ
തേടിയാശ്ലേഷിക്കുന്നേ പൂമധു നുകരുന്നു.
വല്ലികം വൃക്ഷങ്ങളും ജാതിയൊന്നായ്തു, ദേശം
തെല്ലുമില്ലിലകളും പൂക്കളും നോക്കിടുമ്പോഴം

കണ്ടുകണ്ടകതാരിലാനന്ദത്തിരത്തള്ളൽ
കൊണ്ടുഞാനായിതെ പതുക്കെപ്പാടിപ്പോയി.
കൊണ്ടലിൽനിന്നു മഴുള്ളികം വീഴുമ്പോലെൻ
പുണ്ടിലേയ്ക്കുൾനീണ്ട മകരന്ദത്തുള്ളികം.
ട്ടുയ്യിഞാൻ മേലോട്ടൊന്നു തിരിച്ചു, കാണാമപ്പോഴം
സുഷുമായ് പഞ്ചാക്ഷര സുന്ദരമാതൃപദം
'സാഹിതുരാമം'.... കണ്ണുതുടച്ചു വായിച്ചു ഞാൻ
'സാഹിതുരാമം'തന്നേ, ശ്രുതിനിനാവത്തിച്ചു.
മണ്ണിനെ സ്പർശിക്കാത്ത ലതകം വളർന്നതി
വിണ്ണിലിവിധം നിലകൊള്ളുന്ന ലിപികളായ്
അവയിൽനിന്നുചോന്ന മധുബിന്ദുക്കളോരണ-
ന്നധരങ്ങളിലെത്തുപെട്ടതെന്നറിഞ്ഞു ഞാൻ.
ഉയർന്ന കമനമാണെയതു, കൈലാസത്തെ-
ക്കടത്തും കീഴിൽകൂടി വേണ്ടിവന്നീടുന്നെങ്കിൽ,
പിന്നെയുമധരങ്ങം പാട്ടവാൻ വിടർന്നപ്പോഴം
വന്നൊരു ഗാനാലാപം, നല്ലൊരു പ്രക്ഷേപണി.
'ആരുനീ? നിനക്കെന്തുവേണമി ദിവ്യസ്ഥലം
സൂരികം കളിയാട്ടം സാഹിത്യപ്പൂങ്കാവനം.
എങ്ങനെ കടന്നുനിവന്നതിയാരാമത്തിൽ?
ഇങ്ങുവന്നെത്തുന്നവരിവിടം വിടാറില്ല.
നോക്കുക, കാണുന്നില്ലേ 'കല്പവൃക്ഷങ്ങം?' കീഴിൽ
നില്പുകിൽ സവ്വശ്രീയും നല്കിടം സൽഗ്രന്ഥങ്ങം.
പതുങ്ങളം പതുങ്ങളാണവയിൽ പൂക്കളംപോലെ
നിസ്തുലമനോജ്ഞത ചേർപ്പതു ലിപികളം.
അവസാനിക്കാത്തുള്ള സുധയായ് സദാ നിറ-
ഞ്ഞവയിൽ തുളുമ്പുന്നതാശയവിശേഷങ്ങം.
ഈ വിശിഷ്ടമാംസുധ സേവിച്ചാലമർത്യത
കൈവരും നിസ്സംശയം നീയെന്തു ചിന്തിക്കുന്നു?
രണ്ടുതുള്ളികരംകൊണ്ടു സംതൃപ്തയായ് നില്പുയോ?
വേണ്ടിടത്തോളംകിട്ടം വായൊന്നു തുറക്കുകിൽ.
പിന്നെ നീയീസംസാരസാഗരം കടക്കുവാൻ
ഖിന്നയായ് നാലുപാടുമുഴന്നോടേണ്ടതില്ല.
പാടുക, നിന്റെ വായിൽ തുമധുവന്നുവീഴും
തുമധു സേവിക്കുമ്പോഴം ചിന്നെയും പാടിടും നീ.

പൂക്കളെച്ചുററിപ്പാറി പറന്ന പാടിക്കളി-
ച്ചുക്കുന്ന പൂമ്പാറകം വിജ്ഞരാമാചാര്യന്മാർ
അവക്ക ശിഷ്യപ്പെട്ടാൽ ചിരഞ്ജീവിയായ്തുമാ
നിനക്ക ജീവിച്ചിടാം നല്ലൊരിയാരാമത്തിൽ.
എവിടെപ്പോകുന്നുനീ പാരിജാതത്തെത്തേടി?
ഇവിടെത്തന്നെയതു വളരുന്നക്കാലവും.
കുക്കണം സർഗ്രന്ഥങ്ങം ദിവ്യവൃക്ഷങ്ങളംതന്നേ
ടിക്കേണ്ടും പരിമളംവ ശ്രുന്ന മന്ദാരങ്ങം.
ദുർഗ്രന്ധംവമിക്കുന്ന ജാതിയോടുക്കൊലാ
നിർഗ്ഗമിപ്പിക്കമവ ജീകരകാകോളത്തെ.
ട്ടുയെക്കരിനുക പൊങ്ങിടമിടങ്ങളിൽ
ശുഖികം നില്പു കാരസ്സംപോൽ ധാരാളമായ്.
അഴുക്കെന്നുള്ളതെല്ലാമെട്ടയിക്കിലേയ്ക്കുമാ-
യൊഴുക്കിപ്പാതിടാമാടകം തത്കാരണം.
അവിടെപ്പോകുന്നവർ ദുസ്സഹദുർഗ്ഗന്ധാ-
ലവശന്മാരായ് ശ്വാസംമുട്ടഞ്ഞു മരിച്ചുപോം.
ഇതുയും നിനക്കൊരു സദുപദേശപ്രക്ഷേപണം;
ഉത്തരം വേറേവേണ്ട നീയൊന്നു പാടിടുക.
ആലപിക്കുക നല്ല കളപഞ്ചമരാഗം
ചേലൊടേ പ്രക്ഷേപണം ചെയ്യുവാൻ നില്പുന്നു ഞാൻ.'

ആകാശവാണികേട്ടിട്ടുമന്നെല്ലംനിന്നു
നാകലോകത്തിലാണോ ഞാനെന്നു സംശയിച്ചു.
തറയിൽ പതുങ്ങളേയുന്നി നിന്നിരുന്ന ഞാൻ
പറന്നതറിഞ്ഞില്ല, ലതകം താങ്ങുന്നെന്നെ.
അവയിൽ പൂമ്പാറയെപ്പോലെ ഞാനിരുന്നിട്ടു
സരസന്തതങ്ങളം പലവട്ടാരംഭിച്ചു.
ഞാനറിയാതെതന്നേ മുങ്ങുകം വിടർന്നോരു
ഗാനവും പുറപ്പെട്ടു; നാലുവാക്കുകംമാത്രം.
'സാഹിത്യപ്പൂങ്കാവനം, സർഗ്രന്ഥപാരിജാതം
സൗഭാഗ്യണ്ഡാഗാരം നിത്യവും ജയിക്കട്ടെ!'
ഇപ്പൊഴുമതുതന്നേ പാടിഞാൻ രസിക്കുന്നു
സ്വപ്നമാകിലുമെത്ര സുവർണ്ണസ്വപ്നം! ശ്രീം!

എന്റെ സാഹിത്യാദർശങ്ങം

ജന്മമുള്ള ഉണർത്തി നിത്യതാം പ്രയത്നിക്കുവാൻ അവരെ ഉദ്ബോധിപ്പിക്കുക; അവരിൽ ചൈതന്യം വളർത്തുക; കൃത്യബോധമുണ്ടാക്കി സമ്പന്നത്തിനു പ്രേരിപ്പിക്കുക; ജീവിതത്തിലെ വിഷമതകളം തരണംചെയ്യുവാൻ മനക്കരുത്തുണ്ടാക്കുക; ദാരിദ്ര്യജീവികളുടെ ദയനീയമായ പെരുമാറ്റങ്ങൾ മാത്രമേ സമ്പന്നം ലഭിച്ചു എന്നുവിശ്വസിപ്പിക്കുക.

— കെ. പി. കേശവമേനോൻ —

അമ്പതു കൊല്ലം മുമ്പ് ഇംഗ്ലണ്ടിൽ വിദ്യാർത്ഥിയായിരുന്നപ്പോം അവിടത്തെ വിശേഷങ്ങളെപ്പറ്റിയും സ്വന്തം മായങ്ങളെപ്പറ്റിയും കവിച്ചു് കേരളക്കാരെ 'മനോരാജ്യം' കാരം ലേഖനങ്ങം അയച്ചുവരാൻ അന്നത്തെ മാതൃധിപർ ശ്രീ പുളിയംപാറാ കണ്ണിക്കുട്ടിമേനോൻ എന്നോടു് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചുണ്ടാക്കിയതാണ് ബിലാത്തിയെപ്പറ്റിയുള്ള ലേഖനപരമ്പര ഞാൻ എഴുതിത്തുടങ്ങിയതു്. സാമ്പത്തികമായ ആവശ്യങ്ങളെക്കരുതിയാണു് അതു തുടങ്ങിയതു്. അതുകൊണ്ടു് ആ പരമ്പരയ്ക്കു് 'ബിലാത്തിവിശേഷം' (1916) എന്നു പേരിൽ ഒരു ലേഖനത്തിനു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതാണ് എന്റെ ആദ്യത്തെ ഗ്രന്ഥം. അതിനു ലഭിച്ച സ്വീകരണം എന്നെ സന്തോഷിപ്പിച്ചു. കഞ്ഞിപ്പുര മേനോൻ ആവശ്യപ്പെട്ടിരുന്നില്ലെങ്കിൽ ഞാനു് എഴുതുകയില്ലായിരുന്നു എന്നും എഴുതുകയില്ലായിരുന്നു എന്നും ഇപ്പോൾ തോന്നുന്നു. അതിനുശേഷം ഞാൻ ഇംഗ്ലീഷിലും മലയാളത്തിലുമായി കുറേ വളരെ പ്രീതിപ്പെടുത്തുവായി വസ്തുതകം മാറിമാറിക്കിടക്കുന്നതു കണ്ടു. ഞാൻ ഇംഗ്ലീഷിലും മലയാളത്തിലുമായി എഴുതിയിട്ടുള്ള ചില വിഷയങ്ങം ഇവിടെ പ്രതിപാദിക്കുന്നതു കാണുമ്പോൾ ചിലർ ചോദിക്കാറുണ്ടു്: 'ഇതു് ഇംഗ്ലീഷിൽ എഴുതിയതാണോ, മലയാളത്തിൽ എഴുതിയതാണോ?' ഞാൻ ഇംഗ്ലീഷിൽ എഴുതിയതു് ഇംഗ്ലീഷിലും മലയാളത്തിൽ എഴുതിയതു് മലയാളത്തിലും എന്നാണു് ഉത്തരം പറയുന്നതു്. ഇംഗ്ലീഷിൽ എഴുതിയതു് ഇംഗ്ലീഷിലും മലയാളത്തിൽ എഴുതിയതു് മലയാളത്തിലും ആണെന്നു പറയുന്നതിനു കാരണം ഞാൻ ഒരു വിഷയം ഒരു ഭാഷയിൽ എഴുതിക്കഴിഞ്ഞാൽ അതിനെപ്പറ്റി പിന്നീടു് ഓർക്കാറില്ല. അതിനെപ്പറ്റി ഒരു ചിന്തയുമുണ്ടാകാറില്ല. അതിനെപ്പറ്റി ഒരു ചിന്തയുണ്ടാകുന്നതു് ആ വിഷയം മറ്റൊരു ഭാഷയിൽ എഴുതുമ്പോഴാണു്. അതുകൊണ്ടു് ഞാൻ ഇംഗ്ലീഷിൽ എഴുതിയതു് ഇംഗ്ലീഷിലും മലയാളത്തിൽ എഴുതിയതു് മലയാളത്തിലും ആണെന്നു പറയുന്നതിനു കാരണം ഞാൻ ഒരു വിഷയം ഒരു ഭാഷയിൽ എഴുതിക്കഴിഞ്ഞാൽ അതിനെപ്പറ്റി പിന്നീടു് ഓർക്കാറില്ല. അതിനെപ്പറ്റി ഒരു ചിന്തയുണ്ടാകുന്നതു് ആ വിഷയം മറ്റൊരു ഭാഷയിൽ എഴുതുമ്പോഴാണു്. അതുകൊണ്ടു് ഞാൻ ഇംഗ്ലീഷിൽ എഴുതിയതു് ഇംഗ്ലീഷിലും മലയാളത്തിൽ എഴുതിയതു് മലയാളത്തിലും ആണെന്നു പറയുന്നതിനു കാരണം ഞാൻ ഒരു വിഷയം ഒരു ഭാഷയിൽ എഴുതിക്കഴിഞ്ഞാൽ അതിനെപ്പറ്റി പിന്നീടു് ഓർക്കാറില്ല. അതിനെപ്പറ്റി ഒരു ചിന്തയുണ്ടാകുന്നതു് ആ വിഷയം മറ്റൊരു ഭാഷയിൽ എഴുതുമ്പോഴാണു്. അതുകൊണ്ടു് ഞാൻ ഇംഗ്ലീഷിൽ എഴുതിയതു് ഇംഗ്ലീഷിലും മലയാളത്തിൽ എഴുതിയതു് മലയാളത്തിലും ആണെന്നു പറയുന്നതിനു കാരണം ഞാൻ ഒരു വിഷയം ഒരു ഭാഷയിൽ എഴുതിക്കഴിഞ്ഞാൽ അതിനെപ്പറ്റി പിന്നീടു്

നോവൽ_8

മുല്ലപ്പന്തൽ

—ജോയി മുട്ടാർ

കഥ ഇതുവരെ

കടത്തിൽ കളിച്ച കഷ്ടകനാണു ചാണ്ടിക്കുഞ്ഞു്. ആദ്യത്തെ വിവാഹത്തിൽ രണ്ടു മക്കളാം. ലിസ്സമ്മയും ഔമനയും. ലിസ്സമ്മയെ വളരെ കഷ്ടപ്പെട്ടു കോളജിൽ ചേർന്നു. അവിടെ വെച്ചു് പണക്കാരിയായ ജെസിയുമായി പരിചയപ്പെട്ടന്നു. ജെസി തന്റെ കൂട്ടുകാരിയായ ലിസമ്മയെ എടയേംഗമമായി സഹായിക്കുന്നു. രണ്ടാനമ്മയായ അച്ചാമ്മ ഭർത്താവിനെ നിർബന്ധിക്കുന്നു; ലിസമ്മയുടെ പഠനം അവസാനിപ്പിക്കാൻ. അച്ചാമ്മയുടെ സഹോദരനാണു് ആ ഓ സ നാ യ സ്വാൻകുട്ടി. ലിസമ്മയെ വിവാഹം കഴിക്കാൻ സ്വാൻ ആഗ്രഹിക്കുന്നു. അച്ചാമ്മ അതിനു കൂട്ടുനില്ലുന്നു. കൃഷിച്ചെലവിനുവേണ്ടി ഗവർമ്മേണ്ടിൽനിന്നു് പലപ്പോഴായി എടുത്തിട്ടുള്ള ഉക അടക്കുന്നതിനു് നെല്ലു വിറ്റു പണമുമായി കാത്തിരിക്കുകയാണു് ചാണ്ടി ക്കുഞ്ഞു്. സ്വാൻ ഉക തല്ലിപ്പലത്തേക്കു കടം വാങ്ങി. ലിസമ്മ എതിർത്തു. അച്ചാമ്മ കുപിതയായി. സ്വാൻകുട്ടി പണം ധൂർത്തടിച്ചു. നിശ്ചിതസമയത്തു പണയം അടയ്ക്കായ്കയാൽ പാണ്ടിക്കുഞ്ഞിന്റെ സ്ഥാവരജംഗമങ്ങളും ജപ്തിചെയ്തു. ജെസിയുടെ സഹോദരനാണു പാപ്പച്ചൻ. സഹോദരിയെ കാണാൻ വന്ന പാപ്പച്ചൻ ലിസമ്മയെ പരിചയപ്പെട്ടന്നു. മാണത്തിന്റെ അവധിക്കു ലിസ്സമ്മയെ ജെസി വീട്ടിൽ കൊണ്ടുപോയി. അക്കാലത്തു അവർ മൂവരുംകൂടി പരുന്തേനരുവിലേക്കു് ഒരു വിനോദയാത്ര പോയി. അവിടെ വെച്ചു് ജെസി തന്റെ ആഗ്രഹം ലിസമ്മയെ അറിയിക്കുന്നു. അവളും തന്റെ കൂട്ടുകാരിയെ നാത്തൂനെന്നു വിളിക്കുന്നു. കുപിതനായ സ്വാൻ ലിസമ്മയെപ്പറ്റി അപഖ്യാതി പറഞ്ഞു. അച്ചാമ്മയെ ധരിപ്പിക്കുന്നു. ലിസമ്മ, ജെസിയെയും പാപ്പച്ചനെയും കൂട്ടിക്കൊണ്ടു് തന്റെ വീട്ടിലേക്കു പോകുന്നു അതിഥികളെ കാര്യമായി സല്ക്കരിക്കുന്നു. പാപ്പച്ചനും ലിസമ്മയും തമ്മിലുള്ള സ്നേഹബന്ധം അങ്ങനെ ദൃഢപ്പെടുന്നു. ഇനി വായിക്കുക:

ജെസിക്കു് അനുരൂപനായ ഭർത്താവിനെ പാപ്പച്ചൻ ഉന്നംവച്ചിട്ടുണ്ടു്. സതീർത്ഥ്യനായ ജോർജ്ജുകുട്ടി തന്നെ. അവന്റെ ജ്യേഷ്ഠന്മാരെല്ലാം നല്ല ദൂരയിൽ എത്തിച്ചേർന്നു. സഹോദരിമാരുടെ ഭർത്താക്കന്മാർ ഉദ്യോഗസ്ഥന്മാരാണു്. അവർക്കെല്ലാം പാപ്പച്ചനെ പരിചയമുണ്ടു്.

മാതാപിതാക്കന്മാരോടു് അഭിപ്രായം ആരാഞ്ഞാൽക്കൊള്ളാമെന്നു് പാപ്പച്ചൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ടു്. തന്റെ അഭിലാഷം അവതരിപ്പിക്കാനുള്ള അവസരം പാർത്തിരിക്കുകയാണവൻ.

മമ്മിക്കുട്ടി മിക്കപ്പോഴും ആഗ്രഹിക്കാറുണ്ടു്; തന്നെ സഹായിക്കാൻ ഒരു മരുമകളുണ്ടായിരുന്നെങ്കിൽ! ആ തള്ള പാപ്പച്ചനെ മിക്കപ്പോഴും ഉപദേശിച്ചിട്ടുണ്ടു്. കഴിവുള്ള വേഗം വിവാഹം കഴിക്കണമെന്നു്. അവരുടെ അന്തസ്സിനു അനുയോജ്യയായ പെൺകുട്ടിയെ മൂണ്ടിക്കാണിച്ചുകൊടുത്തിട്ടുണ്ടു്.

ജെസിയെ വിവാഹം കഴിച്ചയച്ചശേഷമേ, താൻ വിവാഹം കഴിക്കൂ. ആ ഉറച്ച തീരുമാനത്തിന്റെ കെട്ടു പൊട്ടിക്കാൻ ആരാലും സാധ്യമല്ലാതാണിരിക്കുന്നതു്.

'എന്നാൽ പെണ്ണിനു വല്ലടത്തുമൊന്നാലോചിക്ക്—'

മമ്മിക്കുട്ടി പറഞ്ഞു. ജെസിയെ പാപ്പച്ചൻ ഉദ്യോഗസ്ഥയാക്കണമെന്നു് ആരും ആഗ്രഹിക്കുന്നില്ല. ഒന്നടുത്തുവന്നാൽ കഴിവതും വേഗം വിവാഹം നടത്തണം. എല്ലുവക്കും ഒരേ അഭിപ്രായമാണുള്ളതു്.

'നിന്ററിവിൽ വല്ലടത്തും....'

ഈപ്പച്ചൻ അഭിപ്രായപ്പെട്ടു.

'ഞാനൊരു ചെറുക്കനെ കണ്ടിട്ടുണ്ടു്. തരക്കേടില്ല.'

മാതാപിതാക്കന്മാരുടെ ഹൃദയത്തിൽ ജിജ്ഞാസ തളംകെട്ടി.

'എവിടെയാ പാപ്പച്ചാ—?'

മറിയാമ്മ ചോദിച്ചു.

'എറണാകുളത്തു"

'ഇത്തിരി ദൂരമാണല്ലോ'

'അതു സാരമില്ല. നല്ല ചുറുചുറുക്കുള്ളവനാണു്. ചെറുക്കൻ എന്റെ കൂടെയാണു പഠിക്കുന്നതു്. നല്ല സ്വഭാവം ...'

ചുറുചുറുക്കുകളെ സംബന്ധിച്ചു കേട്ടപ്പോൾ ഒന്നു തിരക്കിയാൽക്കൊള്ളാമെന്നായി ഈപ്പച്ചൻ. സൂക്ഷ്മമായ വിവരങ്ങളപ്പറ്റി ഒന്നുകൂടി തിരക്കുന്നതിനു പാപ്പച്ചനെ തന്നെ ചുമതലപ്പെടുത്തി.

നാളെയാണു കോളജ് തുറക്കുന്നതു്. പാപ്പച്ചൻ കോളജിൽ പോകാൻ ഒരുങ്ങിക്കഴിഞ്ഞു. ജെസിയെ അവളുടെ കോളജിൽ ആക്കിയശേഷം എറണാകുളത്തെത്തി, അന്നു് ജോർജ്ജുകുട്ടിയുടെ വീട്ടിൽ താമസിക്കണം. പിറേറന്നു വെളുപ്പിനു് അവനെയും കൂട്ടിക്കൊണ്ടു് കാറിൽ പോകണമെന്നാണു പാപ്പച്ചന്റെ പ്ലാൻ.

ജോർജ്ജുകുട്ടിയുടെ വീട്ടിൽ ഫോൺ ഉണ്ടു്. ഫോണിൽ സംസാരിച്ചു പരിപാടികളും ക്രമപ്പെടുത്തിക്കഴിഞ്ഞു.

ഉദ്യോഗക്കാരിയെയല്ല; ജോർജ്ജുകുട്ടി ഭാര്യയായി ആഗ്രഹിക്കുന്നതു്. പിന്നെയോ? സാമാന്യവിദ്യാഭ്യാസം ഉണ്ടായിരിക്കണം. കണ്ടാൽ പഴിക്കരുതു്. അഭംക്കൊ ഉക്കുണ്ടായിരിക്കണം— ജോർജ്ജുകുട്ടിയുടെ അഭിപ്രായം പാപ്പച്ചനോടു് പറഞ്ഞിട്ടുണ്ടു്.

ജെസിയെ ജോർജ്ജുകുട്ടിക്കു ഇഷ്ടപ്പെട്ടമെന്നു പാപ്പച്ചന്റെ ആത്മാവു വിധിച്ചു. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ ഒന്നാന്തരമൊരു വിവാഹം. കുടുംബങ്ങളും തമ്മിൽ അഭിപ്രായൈക്യത്തിൽ എത്തിയാൽ ക്രിസ്തുസ് അവധിക്കു കല്യാണം നടത്തണമെന്നാണു പാപ്പച്ചന്റെ ആഗ്രഹം.

ജോർജ്ജുകുട്ടിയും ജെസിയും—ആ വിവാഹം നടന്നുകഴിയുമ്പോഴും, തന്റെ ഭാവനാരാമത്തിലെ രോസാച്ചെടി പൂക്കും. പാപ്പച്ചനും ലിസ്സമ്മയും!! പുളകത്തിന്റെ പൂമഴപെയ്യുന്ന മണിമേടയിലിരുന്നു പുഞ്ചിരിക്കാൻ അവന്റെ ആത്മാവു കൊതിക്കുകയാണു്.

X X X

പേരും പെരുമയുമുള്ള നമ്പൂതിരിമാരാണു് എളുവൻമാക്കാർ. കുട്ടനാടിന്റെ വിവിധഭാഗങ്ങളിലായി മഠം വക അയ്യായിരപ്പറ നിലത്തോളമുണ്ടു്. കാഷ്ടികനിയമം, അതിന്റെ കരുത്രപത്തിലേക്കു എത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടം. കുറെ നിലം വിൽക്കുന്നതു ബുദ്ധിപൂർവ്വമായി കരുതിയിരിക്കുകയാണു് ജന്മിമാർ.

മണിമലയാറിന്റെ തീരത്തുകിടക്കുന്ന അഞ്ചക്കർ നിലം കൃഷി ചെയ്യുന്നതു് തൊമ്മനാണു്. മൂന്നു നാലു വർഷത്തെ പാട്ടം അയാൾ കടിശ്ശിക വരുത്തിയിട്ടുണ്ടു്. ചട്ടമ്പിത്തൊമ്മനിൽനിന്നു് നിലം എടുക്കുന്നതിനു് മാത്തിലെ കാര്യസ്ഥൻ കിണഞ്ഞു പരിശ്രമിച്ചു. പറ്റിയില്ല. തൊമ്മൻ പാട്ടംകൊടുക്കുകയില്ല. അതു തീർച്ചയാണു്.

തൊമ്മന്റെ മൂത്ത മകളെ കെട്ടിക്കാറായി നില്ക്കുകയാണു്. 'ആയിരം രൂപാ കൊടുത്താൽ വസ്തുവിനേലുള്ള കൈവശവകാശം വിട്ടുകൊടുക്കാമെന്നാണു തൊമ്മൻ പറയുന്നതു്. അയാളം കൈവശം വിട്ടാൽ വസ്തു വാങ്ങാൻ പലരുമുണ്ടു്.

തൊമ്മനു് ആയിരം രൂപാ കൊടുക്കാമെന്നു സമ്മതിച്ചു. നിലം വാങ്ങാൻ പലരും ആഗ്രഹിച്ചു. രണ്ടേക്കർ പുരയിടമാണു്. കലച്ച തുടങ്ങിയ തെങ്ങുകളും ആയിരംവളരുന്ന പുരയിടം. ഒന്നാന്തരമൊരു മാളിക. എളുവൻമാക്കാരുടെ വേനൽക്കാലവസതിയാണതു്.

ആറാട്ടിനാണു് ചാണ്ടിക്കുഞ്ഞിന്റെ താമസം. എതിർകരയിലാണു് മഠം വക നിലവും പുരയിടവും. മാളികപ്പുറത്തു നാരായണകയ്മളം ആ വസ്തുവിനു വില പറഞ്ഞു. അയാളുടെ രണ്ടു മക്കളും പേർഷ്യായിൽ ഉണ്ടു് ഒരാൾ അട്ടത്തമാസത്തിൽവരും. അയാൾക്കു താമസിക്കുവാൻ പററിയ പുരയും പുരയിടവും....!!

കയ്മളും ചാണ്ടിക്കുഞ്ഞും തമ്മിൽ ആത്മസുഹൃത്തുക്കളാണു്. കയ്മളം നിലം എഴുതിച്ചാൽ നിശ്ചയമായും ചാണ്ടിക്കുഞ്ഞിനെ മാത്രമേ, പാട്ടത്തിനേൽപ്പിക്കൂ. നല്ല ആദായം കിട്ടുന്ന നിലം. അതൊരു കൃഷിചെയ്യാനൊത്തിരുന്നെങ്കിൽ!! ചാണ്ടിക്കുഞ്ഞിന്റെ ആഗ്രഹം അതിനെറ പത്തിവിരിച്ചു.

ഈപ്പച്ചന്റെ പുരയിടം പലർക്കും നോട്ടമുണ്ടു്. കാരണം അതൊരു തട്ടൊത്ത ഭൂമിയാണു്. നല്ല ആദായം. വററാത്ത കിണർ. തെളിനീർ ഊറിക്കൊണ്ടിരിക്കുന്ന ഓലിസർവ്വോപരി റോഡ് സൈഡ്.

ആ ഭാഗത്തു് ഒരു കന്യാസ്ത്രീമഠം സ്ഥാപിക്കാൻ കൊള്ളാമെന്നു് അധികൃതർക്കൊരാഗ്രഹം. ഒന്നുകിൽ ഒരാശുപത്രി. അല്ലെങ്കിൽ ഹൈസ്കൂൾ—ഏതെങ്കിലും ഒരു സ്ഥാപനംകൂടി നടത്തത്തക്ക സൗകര്യമുണ്ടു്; ഈപ്പച്ചന്റെ പുരയിടം കിട്ടുകയാണെങ്കിൽ

ജാരാമം അമ്മ ഈപ്പച്ചനെ വന്നു കണ്ടു. സാന്ദർഭികമായി വിവരം ധരിപ്പിച്ചു. താമസിയാതെ മറുപടി അറിയിക്കാമെന്നു ഈപ്പച്ചൻ പറഞ്ഞു.

വസ്തുവിനു ഒരു നല്ല വില കൊടുക്കാൻ മാക്കാർ ഒരുക്കമാണു്. ആ വക കൊടുത്തു് ഒരേലത്തോട്ടം വാങ്ങിയാൽ കുറേക്കൂടി പുരോഗമിക്കാമെന്നും ഈപ്പച്ചനു തോന്നി. പാപ്പച്ചനും ആ അഭിപ്രായത്തോടു യോജിച്ചു.

ചാണ്ടിക്കുഞ്ഞു് സാമ്പത്തികമായി വീണ്ടും ഞെരുങ്ങുകയാണു്. സ്വാൻകുട്ടിയോടു ചോദിച്ചു ചോദിച്ചു മടുത്തു. അളിയനെ പിണക്കുന്നതു ബുദ്ധിയല്ലല്ലോ. ഇരുനൂററി അൻപതു രൂപകൂടി കൊടുക്കാൻ തീരുമാനിച്ചു. പണവുമായി ചേച്ചിയെ സമീപിച്ചു.

തിങ്കളാഴ്ച ലിസ്സമ്മ കോളജിൽ പോകുമ്പോൾ കുറഞ്ഞതു നൂറു രൂപയെങ്കിലും കൊടുത്തയക്കണം. ചാണ്ടിക്കുഞ്ഞു് പണത്തിനുവേണ്ടി കഷ്ടപ്പെട്ടു നടക്കുകയാണു്.

പാടത്തെ കതിരപറിപ്പിക്കുന്നതിനു് നൂറു രൂപയെങ്കിലും വേണം. കഴിപ്പാടത്തു കുറെ കട്ടയിറക്കണം. രണ്ടാംചാൽ ഉഴിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. പുറവേലി കെത്തണം. വിത്തു്....വളം....ആ സാധു കഷ്കനെറ ഹൃദയം വേദനയുടെ ചുടുകാട്ടിൽ കിടന്നു നീറുകയാണു്.

സഹ്വിസ് സഹകരണബാങ്കിൽ എണ്ണൂറു രൂപാ അടച്ചുതീർക്കാനുണ്ടു്. കംഭക്കൊയ്ത്തു കഴിഞ്ഞു് ഒരു മാസത്തിനകം എൽപ്പിക്കണമെന്നാണു നിയമം. മററു ബാദ്ധ്യതയില്ലാത്ത വസ്തു. ഈടിന്മേലാണു് ഉക പററിയിരിക്കുന്നതു് കടിശ്ശികക്കാരുടെ പേരിൽ നടപടി നടത്താൻ അധികൃതർ തീരുമാനിച്ചു. പണവുമായി ചേച്ചിയെ സമീപിച്ചു.

തിങ്കളാഴ്ച ലിസ്സമ്മ കോളജിൽ പോകുമ്പോൾ കുറഞ്ഞതു നൂറു രൂപയെങ്കിലും കൊടുത്തയക്കണം. ചാണ്ടിക്കുഞ്ഞു് പണത്തിനുവേണ്ടി കഷ്ടപ്പെട്ടു നടക്കുകയാണു്.

പാടത്തെ കതിരപറിപ്പിക്കുന്നതിനു് നൂറു രൂപയെങ്കിലും വേണം. കഴിപ്പാടത്തു കുറെ കട്ടയിറക്കണം. രണ്ടാംചാൽ ഉഴിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. പുറവേലി കെത്തണം. വിത്തു്....വളം....ആ സാധു കഷ്കനെറ ഹൃദയം വേദനയുടെ ചുടുകാട്ടിൽ കിടന്നു നീറുകയാണു്.

'ഞാനെന്തു ചെയ്യേണമെന്നാണു് എളേമ്മേ—?'

'ഹോ! മീശ പൊന്നും കൊടുത്തു കെഞ്ചു്. നീ കോളേജിൽ പോകുന്നതു് എനിക്കൊന്നു കാണണം.'

ആ കുടുംബം കലഹത്തിന്റെ യുദ്ധഭൂമിയായി മാറി. ലിസ്സമ്മയുടെ കൺകോണുകളും നിറഞ്ഞു.

വേദനയുടെ മുത്തുമണികളും ഇററിററു വീണു. അവളുടെ ഗദ്ഗദങ്ങളും പിതാവിന്റെ ഹൃദയത്തിൽ തറയ്ക്കപ്പെട്ടു. ചാണ്ടിക്കുഞ്ഞു മകളുടെ അടുത്തെത്തി.

'പെണ്ണിനെ കെട്ടിക്കാനൊള്ളതിനു വീട്ടിരിക്കുകയാ മരത്തേക്കേറാൻ.'

കണ്ണുനീർ തുളുമ്പുന്ന പുല്ലുങ്കഴിലൂടെ അവൾ തേങ്ങിക്കരഞ്ഞു. കാലവർഷക്കാലത്തെ കറുത്ത കാറുമാതിരി വളർന്നുകൊണ്ടിരിക്കുന്ന കുടുംബകലഹം കണ്ടപ്പോൾ സ്വാൻ സ്ഥലംവിട്ടു.

പോസ്റ്റ് പ്യൂൺ ഒരു കവറുമായി ചെന്നു. ലിസ്സമ്മ അതു പൊട്ടിച്ചു വായിച്ചു. ഞായറാഴ്ച രാവും രണ്ടു മണിക്കു് പൂക്കളം കവലയിൽ വന്നുചേരണം. ലിസ്സമ്മയെ പ്രതീക്ഷിച്ചു് പാപ്പച്ചനും ജെസിയും ആ സമയത്തു് പൂക്കളം കവലയിൽ വന്നു. ടാക്സികളും ധാരാളം കടന്നുപോയി. പരിചിതരായ പലരും ആ വഴി വന്നു. ലിസ്സമ്മയെ മാത്രം കാണുന്നില്ല. പരിഭ്രമരോടു് ചോദിച്ചു. ഒരറിവും കിട്ടിയില്ല.

'വരുന്നു. വരുന്നു.'

ജെസി പറഞ്ഞു.

'മററു വല്ലവരുമായിരിക്കും.'

'അല്ല. ലിസ്സമ്മ തന്നെ.'

ജെസ്സി കയ്യാട്ടി വിളിച്ചു. ലിസ്സമ്മയുടെ നടപ്പിന്റെ വേഗത കൂടി. അവളുടെ കവിൾത്തടങ്ങളിലൂടെ വിയർപ്പുതുള്ളികളും ഇററിററു വീണു കൊണ്ടിരുന്നു. ബ്ലൗസ്സിന്റെ പുറം മഴത്തുള്ളികളും ഏററുമാതിരി നനഞ്ഞു. കലപ്പവലിക്കുന്ന കന്നിനെപ്പോലെ അവൾ കിതക്കുന്നുണ്ടായിരുന്നു.

ജെസ്സി ചെന്നു് ബായ്ഗ് വാങ്ങി. ലിസ്സമ്മക്കു് അൽപ്പം ആശ്വാസംതോന്നി.

'എന്താ ഇതു താമസിച്ചതു്?'

'അൽപ്പം താമസിച്ചുപോയി.'

'ഞങ്ങളുവന്നിട്ടു ഒരു മണിക്കൂറായി.'

'ക്ഷമിക്കണം.'

'ക്ഷമാപണമൊന്നുംവേണ്ടാ.'

കാറിന്റെ ജനാലകത്തിലൂടെ എത്തിനോക്കി മന്ദസ്മിതം തൂകുന്ന പാപ്പച്ചന്റെ ചാരുരൂപം അവളുടെ ഉള്ളിൽ മഴവില്ലിന്റെ പരിവേഷം സൃഷ്ടിച്ചു. മഴക്കാറുകണ്ട വേഴാമ്പലിനെപ്പോലെ അവളുടെ ഹൃദയം തുടിച്ചു.

'എന്താ ഇതു താമസിച്ചതു്?'

പാപ്പച്ചൻ ചോദിച്ചു.

'ഞാൻ താമസിച്ചില്ല. നിങ്ങളം എന്തിനാ ഇതു നേരത്തെ വന്നതു്?'

'അതു വാസ്തവമാ'

ജെസ്സി ഡോർ തുറന്നു.

അടുത്തുള്ള ചായക്കടയിൽനിന്നു് റേഡിയോ ഗാനം മുഴങ്ങി. 'മധുരപ്രതിനേഴുകാരി' സ്നേഹസാന്ദ്രതയൂറുന്ന ആ ഗാനശകലം പാപ്പച്ചനെ ഇക്കിളിക്കൊള്ളിച്ചു. അവന്റെ ചുണ്ടുകളും വിരിഞ്ഞു. ലിസ്സമ്മയുടെ നീലമിഴികളിലേക്കു കണ്ണുകളും പാഞ്ഞു.

ആ ഗാനത്തിന്റെ ഒഴുക്കിൽപ്പെട്ടു പുളകംകൊള്ളുകയാണു് അവരിരുവരും. ജെസ്സി കൂട്ടുകാരിയുടെ ബായ്ഗ് പരിശോധിക്കുകയാണു്; നേരമ്പോക്കിനുവേണ്ടി.

'ലിസ്സമ്മേ—'

ശാന്തയിൽ കളിച്ച ശബ്ദം.

അവനം ചുറവപാടുംനോക്കി.

ആരെയും കണ്ടില്ല.

ലിസ്സമ്മേ! അൽപ്പംകൂടി ഉച്ചത്തിൽ വിളിച്ചു.

റോഡ് സൈഡിൽ മരത്തണലിൽ നില്ക്കുന്ന വൈദികനെ അവനം കണ്ടു. അവനം ഓടിച്ചെന്നു, പാണികനം കുമ്പി. അവളെ കോളജിൽ അയക്കുന്നുണ്ടുപ്പെട്ട വൈദികനാണതു്. അവനംക്കു അദ്ദേഹത്തെ ഒരിക്കലും മറക്കാനാവില്ല.

'പണത്തിനു അത്യാവശ്യം നേരിട്ടാൽ എഴുതണം.'

നൂറു രൂപാ പറഞ്ഞു. ഇനിയും ചോദിക്കുന്നതു ശരിയല്ലെന്നു അവനംക്കറിയാം. ചോദിച്ചാൽ സഹായിക്കാൻ അദ്ദേഹം ഒരുക്കമാണു്. അദ്ദേഹത്തിന്റെ ഉപദേശം കേട്ടപ്പോഴും ലിസ്സമ്മക്കു ഒരു പ്രത്യേക ധൈര്യമുണ്ടായതുപോലെ തോന്നി. വൈദികൻ വണ്ടിയിൽ കയറിയാത്രയായി.

ലിസ്സമ്മ ജെസ്സിയുടെ അടുത്തെത്തി. അവനം കാറിൽ കയറി ഇരുന്നു. താൻ സംസാരിച്ച വൈദികനെ അവർക്കു പരിചയപ്പെടുത്തിക്കൊടുത്തു.

'ജോണി, പോകാം.'

വണ്ടി നീങ്ങി.

കവിത പാടുന്ന കിടക്കുന്ന ഗ്രാമഭംഗിയെ പിന്നിട്ടുകൊണ്ടു് അവർ മുന്നേറി. ജെസ്സി കൂട്ടുകാരിയുടെ തോളിൽ കൈവെച്ചുകൊണ്ടു് തമാശകനം പറഞ്ഞു. ആനന്ദത്തിന്റെ തേനലകനം കരളിന്റെ കളിപ്പൊയ്കയിൽ തത്തിക്കളിച്ചു.

ഹൃദയത്തിന്റെ പൂങ്കാവനത്തു് സ്നേഹത്തിന്റെ കൂടുകെട്ടിയ മാടപ്പിറാവിന്റെ മണികിലുക്കംപോലുള്ള ചിരികേട്ടു പാപ്പച്ചൻ പുളകംകൊണ്ടു. സൗന്ദര്യത്തിന്റെ സ്വാധീനശക്തി ഹൃദയവീണയുടെ തന്ത്രികകളിൽ വിരലോടിക്കാൻ വെമ്പൽകൊണ്ടു.

കാർ കോളജ് റോഡിൽ എത്തിയതു അവർ അറിഞ്ഞതേയില്ല. ഗേററിലൂടെ വണ്ടി അകത്തു കയററി.

'ജെസ്സമ്മയും ലിസ്സമ്മയും—'

കൂട്ടുകാരികനം അവരെ തിരിച്ചു നോക്കി. പാപ്പച്ചൻ പുറത്തിറങ്ങി. പിന്നാലെ ആ ഇരട്ടപ്പുക്കളും.

ജെസി ഇച്ചായനോടു യാത്ര ചോദിച്ചു. അവനം ബായ്ഗ് എടുത്തുകൊണ്ടു മന്ദമന്ദം നടന്നു. ലിസ്സമ്മ മാതളപ്പൂവിന്റെ സൗന്ദര്യമുള്ള അവളുടെ കവിൾകളിൽ പഞ്ചിരിയുടെ മുദ്ര പതിഞ്ഞു. പ്രേമത്തിന്റെ അനവദ്യസുന്ദരമായ മധുരിമ കിടികൊള്ളുന്ന അനർഘനിമിഷങ്ങളും!!

തീർത്ഥയാത്ര

(ഇടമറ്റം സെബാസ്റ്റ്യൻ)

XIV അദ്ധ്യായം തുടർച്ച

പൊതി ആമാശയത്തിൽ എത്തിയിരിക്കയില്ല എട്ടക്കു് എവിടെയെങ്കിലും തടഞ്ഞതായിരിക്കാം. പട്ടേരി അഭിപ്രായപ്പെട്ടു.

മോതിരം ഇപ്പോൾ കടലിലല്ല. കരയിൽത്തന്നെ എവിടേയോ ഉണ്ടെന്നു് തീച്ചയായി. തിരുമേനിമാർ അന്വേഷിക്കണം.. അതു് വീണ്ടുകിട്ടിയാൽ എനിക്കു് ഇമയവമ്മ ചക്രവർത്തിയെ അഭിഷേകംചെയ്യാൻ സാധിക്കും. ആചാര്യൻ അപേക്ഷിച്ചു.

എല്ലാവരും വാഗ്ദാനംചെയ്തു് മടങ്ങിപ്പോയി. നമ്പൂരിമാക്കു് നോട്ടപരാജയം പറയേണ്ടതില്ല. മാടമ്പിമാന്മാരുടെ വൈരം വേഗത്തിൽപ്പുറത്തു് ഗ്രാമവാസികളും രണ്ടു് ചേരിയായിപ്പിരിഞ്ഞു. പലവിധകലഹങ്ങളും കയ്യേററങ്ങളുംകൂടെയുണ്ടായി.

സംഘാചാരികളെ വിട്ടയച്ചുകൊണ്ടു് അവിടെ പ്രവർത്തനങ്ങളം നടത്തിവന്ന ആചാര്യനു് തന്റെ യത്നം പിന്തുടരാൻ നിവ്വാഹമില്ലാത്തവിധം നാടു് സമാധാനരഹിതമായിത്തീർന്നു. തനുമൂലം അദ്ദേഹം സ്ഥലംവെടിഞ്ഞു് കടൽത്തീരം വഴി തെക്കോട്ടു് പ്രയാതനായി. മാർഗ്ഗമദ്ധ്യേ വല്ലവരും ദയാപൂവ്വം വല്ലപ്പോഴും നൽകിയ കരിക്കുമാത്രം സ്വീകരിച്ചും കരിമണലിൽ സ്വപിച്ചും മുന്നോട്ടു് പരിശ്രമിച്ചു പ്രേഷിതനു് തന്റെ യാത്ര എവിടെ അവസാനിക്കുമെന്നോ അവസാനിപ്പിക്കണമെന്നോ യാതൊരു എത്തും പിടിയും ഉണ്ടായിരുന്നില്ല.

ഏറെക്കാറെ വിജനവും പാവപ്പെട്ട ധീവരന്മാരുടെ ചില ചെററക്കുടിലുകളാൽ മാത്രം അങ്ങുമിങ്ങും അലകൃതവുമായ നീണ്ട കടൽത്തീരത്തു് കൂടിക്കഴിച്ച രണ്ടു് മൂന്നു ദിവസത്തെ സഞ്ചാരാനന്തരം കൊല്ലംപട്ടണം അദ്ദേഹത്തിനു് ദൃശ്യമായി. അധികം ദൂരത്തല്ലാതെ ചില കുടിലുകളും പത്തേമാരികളും നംകൂരമിട്ടു് കിടന്നിരുന്നതിനാൽ അതൊരു ചെറുതുരുത്തുമാണെന്നു് കൂടി മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. ആചാര്യൻ ഒരു നാൽക്കവലയിലെത്തി പാർശ്വസ്ഥമായ അത്താണിക്കരികെ വിശ്രമിച്ചു. വഴിപോക്കരിൽപ്പലരും അദ്ദേഹത്തിന്റെ വേഷവിശേഷം കണ്ടു് ജിജ്ഞാസുക്കളായി കൂടെകൂടെ തിരിഞ്ഞുനോക്കി. ചിലർ ഉപചാരം പ്രദർശിപ്പിച്ചു. മറെറചിലർ കയ്യിൽ ഭിക്ഷാപാത്രമുണ്ടോ എന്നു് തിരക്കി. വേറെ ചിലർ കൈവശമുണ്ടായിരുന്ന അവിൽ, പഴം, ശർക്കര മുതലായ പദാർത്ഥങ്ങളിൽ കാരോ അംശം സംഭാവന ചെയ്യാനായി അടുത്തു് ചെന്നു. കേരളത്തിൽ പ്രേഷിതൻ കഴിച്ച അനാശ്രയമായ ആ യാത്രയുടേയും അന്ത്യം അങ്ങനെ പ്രോത്സാഹപ്രദമാകുന്ന സംഗതിയായി.

ഇക്കാലത്തെ ഭിക്ഷുക്കളെപ്പോലെ ആയിരുന്നില്ല പണ്ടുള്ളവരായിരുന്നവർ. അന്നു് ഭിക്ഷുക്കൾപോലും ഔദ്യോഗികവിഭാഗമായിരുന്നു. ഉള്ളവർ ജ്ഞാനികളും വിദ്വത്വരിഷ്ഠരുമായിരുന്നു. തനുമൂലം അദ്ദേഹത്തെ തിരുക്കട്ടംബത്തെ ഇങ്ങോട്ടു കൊണ്ടുപോരാൻ ആഗ്രഹിച്ചതാണു്. ഇവിടെ വിശ്വാസികൾക്കും അമ്മയോടു് വലിയ ബഹുമാനം ഉരിച്ചിട്ടുണ്ടു്.

രണ്ടു കാരണങ്ങളാൻ കാര്യം അസാദ്ധ്യമായിത്തോന്നുന്നു. ഒന്നാമതു് അമ്മതൻറെ ബർ (പുതൻ) ൻറെയും ഒപ്പെതു് (പിതാക്കന്മാർ) ൻറെയും കെല്പറിം [കല്പറകം, കവടിഞ്ഞു് അന്യരാജ്യത്തേക്കു് പോരുകയില്ല. രണ്ടാമതു് എതു നിബന്ധനയിലും എൻറെ ഏതെങ്കിലും കുലങ്ങൾ അങ്ങയെ നോഎറിം (വിദേശികം) മിൻറെ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതെന്ന തിരുമൂപ്പു് വിലക്കിയിരിക്കുന്നു. ആവശ്യമെന്നു കണ്ടാൽ അവിടന്നുതന്നെ സ്വദേശം കാടത്തിൽ അങ്ങയെ എവിടേയും എത്തിക്കാതിരിക്കയില്ല. ഹാബാൻ പ്രസ്താവിച്ചു.

ഇമയവമ്മൻ തിരുമേനി വിലങ്ങും കാവലുമില്ലാതെതന്നെ തടവിൽ ആക്കിയിരിക്കയാണെന്നു് ആചാര്യനു് മനസ്സിലായി.

പ്രതിവർഷം കപ്പൽ അടുക്കുമ്പോഴെല്ലാം യോഗം കൊല്ലത്തു് സമ്മേളിക്കുകയും പലസ്ഥലത്തായി സഞ്ചരിക്കുകയും ചെയ്തുവരുന്നതുകൊണ്ടു് അത്തരം കഥകനം അറിവില്ലാഞ്ഞിട്ടല്ല. പട്ടേരി അഭിപ്രായപ്പെട്ടതു്.

മോതിരം ഇപ്പോൾ കടലിലല്ല. കരയിൽത്തന്നെ എവിടേയോ ഉണ്ടെന്നു് തീച്ചയായി. തിരുമേനിമാർ അന്വേഷിക്കണം.. അതു് വീണ്ടുകിട്ടിയാൽ എനിക്കു് ഇമയവമ്മ ചക്രവർത്തിയെ അഭിഷേകംചെയ്യാൻ സാധിക്കും. ആചാര്യൻ അപേക്ഷിച്ചു.

എല്ലാവരും വാഗ്ദാനംചെയ്തു് മടങ്ങിപ്പോയി. നമ്പൂരിമാക്കു് നോട്ടപരാജയം പറയേണ്ടതില്ല. മാടമ്പിമാന്മാരുടെ വൈരം വേഗത്തിൽപ്പുറത്തും ഗ്രാമവാസികളും രണ്ടു് ചേരിയായിപ്പിരിഞ്ഞു. പലവിധകലഹങ്ങളും കയ്യേററങ്ങളുംകൂടെയുണ്ടായി.

സംഘാചാരികളെ വിട്ടയച്ചുകൊണ്ടു് അവിടെ പ്രവർത്തനങ്ങളം നടത്തിവന്ന ആചാര്യനു് തന്റെ യത്നം പിന്തുടരാൻ നിവ്വാഹമില്ലാത്തവിധം നാടു് സമാധാനരഹിതമായിത്തീർന്നു. തനുമൂലം അദ്ദേഹം സ്ഥലംവെടിഞ്ഞു് കടൽത്തീരം വഴി തെക്കോട്ടു് പ്രയാതനായി. മാർഗ്ഗമദ്ധ്യേ വല്ലവരും ദയാപൂവ്വം വല്ലപ്പോഴും നൽകിയ കരിക്കുമാത്രം സ്വീകരിച്ചും കരിമണലിൽ സ്വപിച്ചും മുന്നോട്ടു് പരിശ്രമിച്ചു പ്രേഷിതനു് തന്റെ യാത്ര എവിടെ അവസാനിക്കുമെന്നോ അവസാനിപ്പിക്കണമെന്നോ യാതൊരു എത്തും പിടിയും ഉണ്ടായിരുന്നില്ല.

ഏറെക്കാറെ വിജനവും പാവപ്പെട്ട ധീവരന്മാരുടെ ചില ചെററക്കുടിലുകളാൽ മാത്രം അങ

ഇരിങ്ങാലക്കുട—ചിത്രത്തിൽ

— പുത്തേഴത്തു രാമൻ —

ആകാരത്തിലും, വികാരത്തിലും പ്രാപ്തിയിലും പ്രശസ്തിയിലും വികാസം പ്രാപിച്ചുകൊണ്ടുവരുന്ന ഇന്നത്തെ ഇരിങ്ങാലക്കുടയുടെ പൂർവ്വപരിതൃത്തിലെ ഏടുകളും ചിലതു് മറിച്ചുനോക്കുന്നതു് രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ സ്ഥലത്തിന്റെ ആദ്യകാല ചരിതൃത്തിനു് നിദാനമായിരുന്നതു്, അവിടത്തെ പുരാതനമായ ക്ഷേത്രമായിരുന്നു. ഇരിങ്ങാലക്കുടയിലെ 'കൂടൽമാണിക്യം' ക്ഷേത്രം!

മുൻകാലങ്ങളിൽ മിക്ക സ്ഥലങ്ങളുടെയും കീർത്തിവ്യാപ്തിക്കുംക്ക് കാരണമായിരുന്നതു് അവിടത്തെ ക്ഷേത്രമായിരുന്നു എന്നു്, സാമാന്യമായി, ഏതു രാജ്യത്തെക്കുറിച്ചും പറയാവുന്നതാണു്. ഭാരതത്തിൽ വിശേഷിച്ചും, കേരളത്തിൽ പ്രത്യേകിച്ചു്. അതങ്ങിനെതന്നെയായിരുന്നു എന്നു് നിസ്സംശയമാണു്. ആ നിലയിൽ, ഇരിങ്ങാലക്കുട ചരിതൃവും, അവിടത്തെ സുപ്രസിദ്ധവും, പല വിധത്തിൽ മറ്റു ക്ഷേത്രങ്ങളിൽനിന്നു് വ്യത്യസ്തവും ആയ സംഗമേശ്വരം— കൂടൽമാണിക്യം— ക്ഷേത്രത്തോടു് അഭേദ്യബന്ധിച്ചു് നിൽക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. കേരളത്തിന്റെ പുരാതന ചരിത്രത്തിൽ ഏറ്റവും പ്രാമാണപ്പെട്ട പ്രദേശങ്ങളായിരുന്നു. കൊടുങ്ങല്ലൂരും, തൃക്കണാമതിലകവും. യാഥാർത്ഥത്തിൽ തൃക്കണാമതിലകത്തേപ്പോലെ പ്രാധാന്യവും, പ്രഥമതയും സമ്പാദിച്ച ഒരു സ്ഥലം കേരളത്തിലുണ്ടായിരുന്നുവോ എന്നതന്നെ സംശയമാണു്. ആ 'മൺമറഞ്ഞ പട്ടണങ്ങത്ത' കേരളത്തിലെ 'മോഹൻജദാരോ, ഹരപ്പാ' എന്നീ വിസ്മയം കൊള്ളിക്കുന്ന വിശ്വപ്രസിദ്ധനാമങ്ങളോടു് സാദൃശ്യപ്പെടുത്താവുന്നതാണു്. എന്നാൽ, നമ്മുടെ ഭാഗ്യക്കേടുകൊണ്ടു്, ആ സ്ഥലത്തായാലും കാര്യമായ ഗവേഷണമൊന്നും നടത്തിയിട്ടില്ല. ഒരു നൂറ്റാണ്ടായോ, തക്ഷശിലയെയോ, പാടലീപുത്രമോ അവിടെ മണ്ണിനുള്ളിൽ വിശ്രമിക്കുന്നതായി വിചാരിക്കാവുന്നതാണു്. ഒരു കാര്യക്കു ഏറിയാനുള്ള കല്പിനേറ കഷ്ടനഷ്ടങ്ങൾ കണക്കിനാലിയാത്ത ആ മണൽ പ്രദേശത്തുനിന്നു് കാരോ ആവശ്യത്തിനു ഭ്രമികിളക്കുന്നവർക്ക് ലഭിച്ചിട്ടുള്ള പണിത്തരം കഴിഞ്ഞിട്ടുള്ള വലിയ ശിലാ ശ്രദ്ധേയം ഒരു കഷ്ണം കണക്കുമില്ല.

പേരു്

തൃക്കണാമതിലകമല്ലല്ലോ നമ്മുടെ ചിന്താവിഷയം. ഇരിങ്ങാലക്കുടയുടെ തൃക്കണാമതിലകത്തു്നിന്നു് ആ ദേഹം നാഴിക കിഴക്കായും പ്രസിദ്ധപ്പെട്ട കൊടുങ്ങല്ലൂരിൽനിന്നും ഏതാണ്ടു് അതുതന്നെ വടക്കായും 'പെരുമ്പാപ്പെരുമ്പാടം' ഗ്രാമത്തിൽനിന്നും അതുപ്രകാരംതന്നെ തെക്കുമാറിയും, കോടശ്ശേരി മലകളുടെ പടിഞ്ഞാറെ താഴ്വരയായും തെക്കുവടക്കും ഉണ്ടായിരുന്ന ആദ്യകാലത്തെ വെള്ളത്തുങ്കൽക്കു് ഇടയിലായും, 'ഇരിഞ്ഞാൽപ്പടി' യായികിടന്നിരുന്ന പ്രകൃതിരമണീയമായ പ്രദേശമായിരുന്നു. ആ 'ഇരിഞ്ഞാൽക്കുട' യാണു് 'ഇരിഞ്ഞാലക്കുട'യായതെന്നും ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. 'കലിപനി' മഹർഷി തപസ്സുചെയ്തിരുന്ന സ്ഥലമാണെന്നും, അവിടെ നടന്ന യാഗത്തിലെ ഹോമാഗ്നിയിൽ, രുദ്രോത്പന്നനായ പ്രത്യക്ഷപ്പെട്ടു് 'യജ്ഞപുരുഷൻ' 'ശാലയിൽകൂടെ ഇരുന്നു' എന്നും, അതിൽനിന്നാണു് (ഇരുന്നശാലാകുടെ) 'ഇരിഞ്ഞാലക്കുട'യുണ്ടായതെന്നും, മറെറാരു പക്ഷവും കേട്ടിട്ടുണ്ടു്. എന്നാൽ 'സംഗമേപുരം' എന്ന ഒരു പേർ പണ്ടേ ഉണ്ടായിരുന്നതിന്റെ പ്രാകൃതരൂപമോ അതുവ്യുഖ്യനമോ ആയിരിക്കണം ഇരിങ്ങാലക്കുടയെന്നും ചിലർ എഴുതിക്കണ്ടിട്ടുണ്ടു്. ഏതായാലും, കേരളത്തിലെ മറ്റുത്തീരങ്ങളിൽ മറ്റുത്തീരങ്ങളിൽനിന്നുള്ള തുലനാടിലാണു്—പ്രധാനപ്പെട്ട നാലിൽപ്പെട്ട (പന്നിയൂർ, ചൊവ്വർ, പെരുങ്ങനം, ഇരിങ്ങലക്കുട) ഒരു പുരാതന നമ്പൂരി ഗ്രാമമായിരുന്ന ഇരിങ്ങലക്കുട. ഇവിടത്തെ 'മാണിക്കക്ഷേത്രം' കഴിവിഷ്ടാഭരണത്തിനു മുമ്പുതന്നെ അയ്യായിരത്തിൽപരം കൊല്ലങ്ങൾക്ക് മുൻപ്—ഉണ്ടായിരുന്നതായിട്ടാണു് ഐതിഹ്യം!

ക്ഷേത്രം

ഇരിങ്ങാലക്കുടയുടെ പ്രാധാന്യവും പ്രാമാണ്യവും ആരംഭിച്ചതു് ആ 'മാണിക്യക്ഷേത്രം' നിമിത്തവും, അതിനെ ആശ്രയിച്ചുമാണെന്നു് നിർവ്വിവാദമാണു്. ആ ക്ഷേത്രം പലതുകൊണ്ടും വിശേഷപ്രത്യേകതകളും നിമിത്തം, കേരളത്തിലെ ഇതര ക്ഷേത്രങ്ങളിൽനിന്നു് വ്യത്യസ്തമാകുന്നു. ഉപദേവന്മാരുടെ പ്രതിഷ്ഠയില്ലാത്ത ഏക ക്ഷേത്രമാണെന്നതു മാണിക്യക്ഷേത്രം. ഒരു വിഗ്രഹപ്രതിഷ്ഠയെങ്കിലുമില്ലാതെ, കേവലം ഒരു ദേവനെ മാത്രമായി പ്രതിഷ്ഠിച്ചിട്ടുള്ള കേരളക്ഷേത്രം ഇനിയൊന്നുണ്ടെന്നു തോന്നുന്നില്ല. ശ്രീരാമാനുജനായ ഭരതനെയാണതു് അവിടത്തെ പ്രതിഷ്ഠാമൂർത്തിയായി സങ്കൽപ്പിച്ചിരിക്കുന്നതു്. 'ഭരതക്ഷേത്രം'വും, ഭാരതത്തിൽപോലും വേറെ ഉള്ളതായി അറിവില്ല. കൂടാതെ ശൈവനും, വൈഷ്ണവനും ഒരുപോലെ 'തേവരിക്ക'വുന്ന ഒരു യജ്ഞപുരുഷനാണു് അവിടത്തെ 'സംഗമേശ്വരൻ'. ഇതിനെല്ലാം പുറമേ ആണു്, മറെറങ്ങും കാണാത്ത അവിടത്തെ 'കയ്മം' അവരോധം ഒരു ശൂദ്രനെ—നായരെ— അവരോധിക്കുകയും നടത്തി, ബ്രാഹ്മണപ്രതിനിധിയേയും, ക്ഷേത്രത്തിന്റെ സർവ്വ ഭരണാധികാരിയും, പ്രതിനിധിയുമാക്കി കല്പിച്ചുകൊണ്ടുള്ള നടപടി കേരളത്തിലെ മറെറാരു ക്ഷേത്രത്തിന്റെ ചരിത്രത്തിലും കാണാത്തതാണു്. അപ്രകാരം അവരോധിക്കപ്പെട്ട അധികാരിക്കുള്ള പേരാണു് 'തച്ചടയക്കയ്മം'. കയ്മം അവരോധനക്കാര്യം കൊച്ചിയും തിരുവിതാംകൂറും രാജസ്വരൂപങ്ങളും തമ്മിൽ എന്നും ഒരു വിഷമപ്രശ്നമായിരുന്നിട്ടുണ്ടു്. പല വിഷമങ്ങളും മത്സരങ്ങളും അതിൽനിന്നു സംഭവിച്ചിട്ടുണ്ടു്.

ഹിന്ദുബുദ്ധയുദ്ധം

തൃക്കണാമതിലകം അടുത്ത പടിഞ്ഞാറെ കരയാണെന്നു മുമ്പു് സൂചിപ്പിച്ചിട്ടുണ്ടല്ലൊ? അവിടം ഒരുകാലത്തു ബുദ്ധമതത്തിന്റെ ഒരു മുഖ്യകേന്ദ്രമായിരുന്നുവത്രെ. ഇരിങ്ങലക്കുട ആദ്യം മുതൽ നമ്പൂരിമാക്ക പ്രാധാന്യമുള്ള ഒരു ഹിന്ദുമതകേന്ദ്രമായിരുന്നു. അവർ തമ്മിൽ ഒരു 'ഹിന്ദു ബുദ്ധ യുദ്ധം' നടന്നുകൊണ്ടിരുന്നതായിട്ടാണു് പറയപ്പെടുന്നതു്. ബുദ്ധമതക്കാർ ഒരിക്കൽ ഇരിങ്ങലക്കുടയിലെ 'പുഷ്പാഞ്ജലിസ്വാമിയാർ'ര പാട്ടിൽ പിടിച്ചു്, ആ ക്ഷേത്രത്തിൽ എന്തോ ചില തകരാറുകൾ മനപ്പൂർവം ചെയ്തിച്ചു എന്നും അതറിഞ്ഞവശായ നമ്പൂരിമാർ അദ്ദേഹത്തെ പുറത്താക്കി ക്ഷേത്രത്തിൽ ഏതാണ്ടൊരു 'പുനപ്രതിഷ്ഠ'തന്നെ നിവ്വഹിച്ച എന്നും അതിന്റെ ''കലിദിന'മാണു് 'ധ്രുമ്പാവാവ' എന്ന ശബ്ദം കുറിക്കുന്നതെന്നും ചില ഐതിഹ്യങ്ങളുണ്ടു്. 'ധ്രുമാവാവ' കുറിക്കുന്നതു 'കലിദിന'മാണെങ്കിൽ ആ ദിനം വളരെ ആയിരം കൊല്ലങ്ങൾക്കുമുമ്പാണു്. അതുകൊണ്ടു്, അതിനു ശരിയായിരിക്കാൻ വഴിയില്ല. പിൽക്കാലത്തെ ചരിത്രത്തിന്റെയും ഐതിഹ്യാദികളുടെയും വെളിച്ചത്തിൽ ഇതുമാത്രമേ വിശ്വസിക്കാവുന്നതായിട്ടുള്ളൂ. പുരാതന പ്രസിദ്ധമായ കാരണങ്ങളും പ്രധാനമായും ഈയടുക്കാർ നമ്പൂതിരിമാരുടെ എതിർപ്പാണെന്നും വിശ്വസിക്കപ്പെടുന്നുണ്ടു്.

മാണിക്യക്ഷേത്രം, അതിന്റെ നല്ല കാലത്തു—പ്രത്യേകിച്ചുകാലത്തു—ഒരു 'അമ്പലരാജ്യം' ആയിരുന്നു. ഗ്രാമക്ഷേത്രമായിരുന്നതുകൊണ്ടു് ദേവനെന്റെ ഊരാളർ കാര്യസ്ഥക്കാർ, അവരുടെ ഭരണസമിതി ആ നാട്ടിൽ പ്രമുഖന്മാർ, സഭായോഗം, അകക്കേയ്യു, പുറക്കേയ്യു, മേൽക്കോയ്മ രാജക്കേയ്യു എന്നുള്ള കോയ്മകളും ആയവയെല്ലാം ആരംഭംമുതൽ അവിടെ ഉണ്ടായിരുന്നു. വിസ്തൃതമായ കൃ 'ക്ഷേത്രസങ്കേത'വും സങ്കേതത്തിനു് ഉള്ള സമ്പന്നരാജാധികാരവും ആ ക്ഷേത്രത്തിനുണ്ടായിരുന്നു. അങ്ങിനെ ഒ നാടുകരവും സങ്കേതാത്തികളുമുള്ള ശക്തൻതമ്പുരാൻ 15 വയ്സ്സു മാണു്. ആ കൊച്ചി രാജാധികാരി രാജ്യങ്ങൾ' എന്ന പറഞ്ഞിരുന്നു രാജക്കേയ്യും പുറക്കേയ്യും പണ്ടു പണ്ടേ ഇരിങ്ങാലക്കുടയിൽ പൊ പ്പിൽസ്ഥപ്രതിഷ്ഠാലക്ഷ്യമായിരുന്നു. ച്ചി രാജാവിനു അകക്കോയ്മസ്ഥാനം ണ്ടത്തെ 'അയിരൂർ' രാജാവിനായിരുന്നു തീരുത്തിക്കുട്ടമേനവനും കൊളോ മൂത്തതും തോട്ടങ്ങൾ നായരും ദേവ ദ്യോഗസ്ഥന്മാരും, എല്ലാവരും വാടപ്പിള്ളിക്ക് വിശേഷാധികാരങ്ങളുള്ള കായംകുളത്തരചനോ, തച്ചടയ തിരുവിതാംകൂർ രാജാവോ ആയ കാലത്തു് ഇരിങ്ങലക്കുടയുമായി പ്പെട്ടവരായിരുന്നില്ല.

ഊരായ്മക്കാരിൽ 'വടക്കിനിയ്' കടുംബം കുറേ വീടിത്തപ്പോൾ വകാശം കൊച്ചി രാജാവിനു് കാരം വഴി സിദ്ധിച്ച അയ്ര രൂപക്കാർ മതിലകം യോഗ ചിൻതാങ്ങി എന്ന കുറെത്തറവ രുടെ അകക്കോയ്മാവകാശവുമായി രാജാവു് കയ്യടക്കി. അങ്ങിനെ കാരോ കാരണവശാൽ കണ്ടി നമ്പൂതിരി, കോവൂർ നമ്പൂതിപ്പാ രക്കര രാജാവു്, വേളൂസ്സ ൻ, (അ വരൊക്കെ ആനവിട്ടിൽ ക്ഷമാരിൽ പെട്ടവരായിരുന്നു) മുതലായ പല വികളും അധികാരവകാശങ്ങൾകൊച്ചി ക്കതന്നെ കൈവന്നു. ഇം കൊല്ലവർഷം ആറാം ശതകാ ആദ്യകാലത്തു്, ഇരിങ്ങലക്കുടക്കോട യും അവയുള്ള മാണിക്കക്കല്ലു് ഇരി ങ്ങലക്കുടവന്നു്, മാണിക്കക്ഷേ ത്തിലെ പൂജക്കാരനെകൊണ്ടു് അരുൾ വിടെ കണ്ട രത്നത്തിനടുത്തു വെച്ചു് സ്ഥാപിക്കുവാൻ അനുവദിച്ചു. അത്യാശ്ചര്യജനിതിൽപരം!! ബിംബത്തിലെ നാത്തോട് അടുപ്പിച്ച പിടിച്ച രാജരത്നം ബിംബരത്നത്തെ പ്പോ കെട്ടിപ്പിടിക്കയും, എന്തായിട്ടും വിടത്തി എടുക്കാൻ നിർവ്വാഹമില്ലാത്തതിനാൽ വരികയുംചെയ്തു! തന്റെ മാണിക്കല്ലു് തിരിച്ചുകിട്ടാൻ ആവശ്യപ്പെട്ടെ രാജാവിനു, സംഭവങ്ങളുടെ മേൽ പ്പെട്ട സ്ഥാനചരുത്തിൽ ഇരിങ്ങാല ക്ഷേത്രത്തിൽ പകരി അവകാശ വും അധികാരവും പകരം കൊടുത്തു. ഗത്യന്തരമില്ലാതെ, അദ്ദേഹം അതുകൊ ണ്ടു തൃപ്തിപ്പെടുകയും മാണിക്കക്ഷേത്രം കൂടൽ മാണി ക്ക ക്ഷേ ത്ര മാ യും കായംകുളം രാജാവു ക്ഷേത്രത്തിന്റെ അദ്ധ്യാവകിശിയായി ഭവിക്കയും ചെയ്തു! അതിനുശേഷം ഉണ്ടാ ഒരു കരാറാണു് മൻപ്രസ്താവിച്ച 517 ലെ കരാറു്. അന്നു ക്ഷേത്രം പൊളിച്ചു പണിയുകയോ അവിടെ ജീർണ്ണോദ്ധാരണം നടത്തുകയോ എന്തൊക്കെയുണ്ടായി. അന്നത്തെ ശ്രീകോവിലിന്റെ തച്ചന്റെ പണികൂടം (ആശാരിവേലകൂടം) പരിശോധിക്കുവാൻ മേസ്തിരിയാരോ മാനേജരായോ മറേറാ കായംകുളം തന്റെ സ്ഥാനം രാമാളുള്ളടി—കള്ളിക്കണക്കു പഴയ ചിലവും കൂടാതിരിക്കാൻ—നിയോഗിച്ച ആ ആളുകളുടെ പേരാണു് 'തച്ചടയക കയ്മം'. കയ്മം പദത്തിനു് കാര്യസ്ഥൻ കാര്യക്കാരൻ, കണക്കെഴുത്തുകാരൻ എന്നെല്ലാമുള്ള അർത്ഥങ്ങളുണ്ടു്. ആ 'കായസ്ഥന്മാർ' അവരുടെ പരമ്പരയിൽപ്പെട്ടവരും ആയ നമ്പൂരിമാർ, ഏഴുന്നള്ളിപ്പുകാര്യക്കാർ, പ്രധാനപ്പെട്ട പണിക്കാർ, പ്രധാനപ്പെട്ട കൊല്ലന്മാർ, ഏഴുന്നള്ളിപ്പുകാര്യക്കാർ, പ്രധാനപ്പെട്ട കൊല്ലന്മാർ, ചോറുകൊടുക്കുന്ന അമ്പലവാസികൾ, മാരാർ, പൊതുവാൾ, പുതുവാൾ, പുതുമന, പുതുമനയിലെ കാരണവർ, കുറുപ്പു്

ഒരു ★ പുതിയ തലമുറ

കലാരംഗത്തും നാം കുരുക്ഷവഴികൾ അനേഷിക്കുന്ന വരാണ്. മറ്റെവിടെ കുരുക്ഷവഴികൾ ഉണ്ടായാലും കലാരംഗത്തുമാത്രം അയില്ല എന്ന നിത്യസത്യം നാം മറന്നുപോയിരിക്കുന്നു. ആ സത്യം ഓർമ്മിപ്പിക്കുവാനും ഓർമ്മിക്കുവാനും കഴിയുന്ന ആളുകൾപോലുമില്ലാതെ നമ്മുടെ സാംസ്കാരികരംഗത്ത് പൈതനൃവത്തായ ഒരു വസന്തം സൃഷ്ടിക്കുക സാധ്യമല്ല.

—എം. കെ. സാനു എം. എ.

ബുദ്ധിപരമായ മണ്ഡലത്തിൽ, കേരളത്തിലെ ഈ കാലഘട്ടം ആത്മപരിശോധനയുടെ ഘട്ടമാണെന്ന തോന്നുന്നു. അഥവാ അങ്ങനെയായിരുന്ന ഘട്ടമാക്കിത്തീർക്കാൻ നമ്മുടെ ബുദ്ധിജീവികൾക്കിടയിൽ ഒരു പരിശ്രമം നടക്കുന്നുണ്ട്. 'സമീക്ഷ' ഒരു ലക്ഷ്യതന്നെ ആത്മപരിശോധനയ്ക്കുവേണ്ടി നീക്കിവെച്ചു. കേരളത്തിന് എന്താണ് തകരാറ് എന്നു ചിന്തിക്കുന്നതു വാസ്തവത്തിൽ ഒരു ആത്മപരിശോധനയാണല്ലോ. കേരളത്തിന്റെ പല കേന്ദ്രങ്ങളിലുംവെച്ച് ഇതേ വിഷയത്തെ സംബന്ധിച്ച പഠനങ്ങൾ നടന്നു. ഈ പഠനങ്ങളിലെല്ലാം നമുക്കെന്തോ പോരായ്മകൾ ഉണ്ടെന്ന മനോഭാവം പൊതുവിനിന്നിരുന്നു. ആ പോരായ്മകൾ എന്തൊക്കെയാണെന്ന നമുക്ക നല്ല രൂപവുമില്ല. അങ്ങനെ വരുമ്പോഴാണല്ലോ ആത്മപരിശോധനയ്ക്കും സ്വയം വിമർശനത്തിനും മനുഷ്യൻ കൂടുതൽ ഉത്സാഹം കാണിക്കുക.

ഇതിനിടയിൽ, കേരളത്തിന് എന്താണ് മെച്ചം എന്നാണ് ചിന്തിക്കേണ്ടതെന്ന ചിലർ അഭിപ്രായപ്പെടാതിരുന്നില്ല. അവരുടെ പക്ഷത്തിൽ, കോട്ടങ്ങളേക്കാളധികം മെച്ചങ്ങളാണ് കേരളത്തിനുള്ളത്. നമ്മുടെ പ്രകൃതിഭംഗിതന്നെ ചൂണ്ടിക്കാട്ടുക. അതു കേരളത്തിന്റെ മാത്രമല്ലെ? അവരുടെ ഈ പ്രയോഗം ന്യായമായിട്ടുള്ളതാണ്. പക്ഷേ, കേരളത്തിനു പ്രകൃതിഭംഗിയുണ്ടെങ്കിൽ അതു ഇവിടത്തെ മനുഷ്യരുടെ മേന്മമൂലം ഉണ്ടായിട്ടുള്ളതല്ല. അക്കാര്യത്തിൽ ദൈവം നമ്മെ മറന്നുകളഞ്ഞിച്ചുവെന്നേയുള്ളൂ. നമ്മുടെ ചിന്ത മനുഷ്യസൃഷ്ടമായ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ചാണ്. അങ്ങനെ ചിന്തിക്കുമ്പോൾ നേട്ടങ്ങൾ എന്ന നിലയ്ക്ക് പൂജിക്കണിക്കാവുന്നതായി ഈ കാലഘട്ടത്തിൽ നമുക്ക കാര്യമായൊന്നും ഇല്ല. രണ്ടുമൂന്നു ദശാബ്ദങ്ങൾക്കു മുൻപു ജീവിക്കേണ്ടിയിരുന്ന കുറെ മാടമ്പിനേതാക്കന്മാർ പ്രമാണികളായി ഇവിടെ കഴിഞ്ഞുകൂടുന്നതൊഴിച്ചാൽ, കാണത്തക്ക മെച്ചങ്ങളൊന്നുതന്നെയില്ല. സാമാന്യം ഉയർന്ന മൂല്യബോധമുള്ളവരെ ഇവിടെ കാണുവാൻ കഴിയുന്നില്ല. അവിടെയാണ് കഴമ്പും.

അലസത

ആ കഴമ്പത്തിൽനിന്നുകൊണ്ടാണ് സ്വന്തം തകരാറുകളെപ്പറ്റി നാം പരിശോധിക്കുവാൻ മുതിരുന്നതും. അങ്ങനെ മുതിരുമ്പോഴും, ഓരോരുത്തരുടെയും ശ്രദ്ധയിൽപ്പെടുന്നതുകൊള്ളാം. അതിലൊന്ന്, ഒരു ജനതയെന്ന നിലയ്ക്കു നാം പൊതുവെ അലസരാണെന്ന വസ്തുതയാണ്. ഈ അലസത നമ്മുടെ ശീതോഷ്ണസ്ഥിതിയുടെ ഫലമാണോ, ആഹാരശീലത്തിന്റെ ഫലമാണോ, ഭൂവിശാസ്ത്രപരമായ മറേറതെങ്കിലും പ്രത്യേകതകളുടെ സന്താനമാണോ എന്നൊക്കെ ആലോചിക്കാവുന്നതാണ്. ആ വക കാര്യങ്ങളെപ്പറ്റി പിടിയുള്ളവരാണ് അങ്ങനെ ആലോചിക്കേണ്ടതു്. ഏതായാലും അലസരാണെന്ന വസ്തുത അവശേഷിക്കുന്നു. ഈ അലസത രാഷ്ട്രീയരംഗത്തേയും സാംസ്കാരികരംഗത്തേയും പല ദുഷ്യങ്ങൾക്കും കാരണമാണെന്ന് എനിക്ക തോന്നുന്നു. സാമൂഹ്യരംഗത്തെ ദുഷ്യങ്ങൾ മാറാ ചില കാരണങ്ങളും മൂലമാണെന്നും എനിക്ക പക്ഷമുണ്ട്.

രാഷ്ട്രീയരംഗത്തു നാം ജനാധിപത്യാദർശം സ്വീകരിച്ചിരിക്കുന്നവരാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്ക വലിയ ഉത്തരവാദിത്വങ്ങളാണല്ലൊ ഉള്ളത്. ആ ഉത്തരവാദിത്വങ്ങളും ഏറെറടുക്കുകയെന്നവന്നാൽ ഉത്സാഹപൂർവ്വം ജോലി ചെയ്യുകയെന്നാണർത്ഥം. നാം ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനും അവകാശങ്ങളെപ്പറ്റി എപ്പോഴും മുറവിളി കൂട്ടിക്കൊണ്ടിരിക്കുവാനും ഉള്ള വാസനയാണ് കണ്ടിക്കുന്നതു്. എന്നിട്ടു നമുക്കുചുറ്റും നടക്കുന്ന അബദ്ധങ്ങളുടെപേരിൽ അന്യോന്യം പഴിചാരുകയും ചെയ്യുന്നു. പ്രായോഗികരംഗത്തു ജനാധിപത്യം രാഷ്ട്രീയ പ്രവർത്തനം വളരെ ക്ഷമ ആവശ്യപ്പെടുന്ന ഒന്നാണ്. ഒരു കാര്യം നീതിയുക്തമായിരുന്നതുകൊണ്ടുമാത്രം ജനാധിപത്യത്തിൽ നടപ്പാവുകയില്ല. അതു നീതിയുക്തമാണെന്ന ബോധം ബഹുഭൂരിപക്ഷത്തിനും ഉണ്ടാവണം. അവക്ക് ആ ബോധം ഉണ്ടാക്കുന്നതിനു ക്ഷമാപൂർവ്വമായ പ്രവർത്തനം കൂടിയേതീരൂ. ഇതു് ഒരു വശം.

തത്വങ്ങൾ

മറെറാരു വശം തത്വങ്ങളിലുള്ള സ്നേഹം നമ്മുടെ രാഷ്ട്രീയരംഗത്തു തീരെ ഇല്ലെന്നതാണ്. ജനാധിപത്യപാർട്ടികൾ ചില തത്വങ്ങളിലും നയപരിപാടികളിലുമാണ് തങ്ങളുടെ സംഘടനാപ്രവർത്തനം ഉറപ്പിച്ചുനിർത്തുന്നതു്. അതിലെ നേതാക്കന്മാർ ചിലപ്പോൾ ആ തത്വങ്ങളിൽനിന്നു തെറിറിപ്പോയെന്നു വരും. അപ്പോൾ സംഘടന അവരെ ആ സ്ഥാനത്തുനിന്നു മാറ്റുകയും, തത്വങ്ങളുടെ കാര്യം ഉന്നിപ്പറയുകയും ചെയ്യണം. അവരെ നേതൃസ്ഥാനങ്ങളിൽനിന്നു മാറ്റുന്നതിനും ക്ഷമാപൂർവ്വമായ പ്രവർത്തനം ആവശ്യമാണ്. അതുപോലും ക്ഷമ കാണിക്കാൻ നാം തയ്യാറില്ല. നേതാവിനോടു പിണങ്ങിയാൽ നാം നേരെ പുറത്തിറങ്ങി അടുത്ത പാർട്ടിയിൽ പോകുകയായി. ആ പാർട്ടിയുടെ ആദർശം നമ്മുടെ ആദർശത്തിനു് എത്ര കടകവിരുദ്ധമായിരുന്നാലും നമുക്ക് അതിൽ പരാതിയില്ല.

അക്ഷമയും കടിപ്പകയും മേൽ രൂപപ്പെട്ടന്ന മനോഭാവം ജനാധിപത്യബോധത്തിന്റെ ഘാതകനാണ്. ജനാധിപത്യകക്ഷികളിൽ നേതാക്കന്മാർ വരുകയും പോവുകയും ചെയ്യും. പക്ഷേ തത്വങ്ങൾ നിലനിൽക്കും. അഥവാ തത്വങ്ങൾ നിലനിൽക്കണം. ഈ ബോധത്തോടുകൂടി പ്രവർത്തിക്കാൻ ഇന്നവരെ നാം പഠിച്ചിട്ടില്ല. ആ വഴിക്ക് ഒരു ശ്രമം നമ്മുടെ ജനതയ്ക്കു നല്കാൻ ഇവിടത്തെ രാഷ്ട്രീയതാമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരെങ്കിലും ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

സാംസ്കാരികരംഗത്തു് അഭിവൃദ്ധി ഉണ്ടാകുന്നതിനു ചില പ്രത്യേക കാലാവസ്ഥകൂടി ആവശ്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഏതു കാലാവസ്ഥയുണ്ടായാലും വ്യക്തികളുടെ ആത്മാപ്പണസന്നദ്ധമായ പ്രവർത്തനം അവിടെ കൂടിയേതീരൂ. സാഹിത്യത്തിനു വേണ്ടി, കലകൾക്കുവേണ്ടി, ഒഴിഞ്ഞവയ്ക്കപ്പെട്ട വ്യക്തിജീവിതങ്ങളാണ് അവിടെ ഉണ്ടാവണമെന്നതാണ്. കല കലയ്ക്കുവേണ്ടിയോ ജീവിതത്തിനുവേണ്ടിയോ ആയിരിക്കാം. പക്ഷേ വലിയ കലാകാരന്മാരുടെ പക്ഷത്തിൽ ജീവിതം കലയ്ക്കു വേണ്ടിയാണ്. അവർ അവരെത്തന്നെ അപ്പിക്കുന്നവരാണ്— കലാദേവതയുടെ മുന്നിൽ. ആ അപ്പണത്തിന്റെ ഫലമായി നേടിയെടുക്കുന്ന സിദ്ധികളാണ് അവരുടെ വലിയ സൃഷ്ടികളാക്കെയും.

പരിശ്രമം

ഏതു് ഉന്നതനായ കലാകാരന്റെ ജീവിതവും എടുത്തുനോക്കുക. തന്റെ സൃഷ്ടികർമ്മത്തിനുവേണ്ടി വളരെ കഠിനമായി അവർ പരിശ്രമിച്ചിട്ടുള്ളതായിക്കാണാം. വലിയ പ്രതിഭാശാലികൾപോലും ഇത്തരക്കാരാണ്. പ്രതിഭയുടെ ഒരംശംതന്നെയാണ അവിർഭാമായി പ്രവർത്തിക്കുന്നതിനുള്ള കഴിവ് എന്ന തോന്നിപ്പോകും ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ ഈ കൊച്ചു ദേശത്തു് ഈ കാലഘട്ടത്തിൽ വലിയ കലാകാരന്മാർ ഉണ്ടാവാത്തതിൽ നമുക്കുത്തപ്പെടേണ്ട കാര്യമില്ല. അപ്പിതങ്ങളായ ജീവിതങ്ങൾ ഇവിടെയില്ല. കലാരംഗത്തും നാം കുരുക്കവഴികൾ അനേഷിക്കുന്നവരാണ്. മറെറവിടെ കുരുക്കവഴികൾ ഉണ്ടായാലും കലാരംഗത്തുമാത്രം അതില്ല എന്ന നിത്യസത്യം നാം മറന്നുപോയിരിക്കുന്നു. ആ സത്യം ഓർമ്മിപ്പിക്കുവാനും ഓർമ്മിക്കുവാനും കഴിയുന്ന ആളുകൾപോലുമില്ലാതെ നമ്മുടെ സാംസ്കാരികരംഗത്തു് പൈതനൃവത്തായ ഒരു വസന്തം സൃഷ്ടിക്കുക സാധ്യമല്ല.

സാഹിത്യം

സാഹിത്യത്തിൽ ചെറുകഥ, നോവൽ, കവിത, നാടകം, നിരൂപണം, ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം, ഹാസ്യം, ബാലസാഹിത്യം തുടങ്ങിയ പല വിഭാഗങ്ങളുണ്ട്. ഇവയിൽ ഓരോന്നിനും അതിന്റേതായ പ്രത്യേകതക